# വലാഉം ബറാഉം

[Malayalam]

## الولاء والبراء [ باللغة مليالم ]


ശൈഖ് സ്വാലിഹ് ഫൗസാൻ അൽ ഫൗസാൻ

المؤلّف: الشيخ صالح بن فوزان الفوزان

വിവർത്തനം: അബ്ദുൽ ജബ്ബാർ അബ്ദുല്ല

ترجمة: عبد الجبار عبد الله

എഡിറ്റർ: സുഫ്‌യാൻ അബ്ദുസലാം

مراجعة : سفيان عبد السلام



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
ദമ്മാം - സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالدمام –

المملكة العربية السعودية

**Web edition by:**

islamhouse.com

1430 – 2009

# വിഷയസൂചി


| | |
|---|---|
| • വിവർത്തനക്കുറിപ്പ് | 4 |
| • ആമുഖം | 10 |
| • അവിശ്വാസികളോട് വലാഅ് വെച്ചുപുലർത്തുന്ന തിന്റെ പ്രകടരൂപങ്ങൾ | 17 |
| ഒന്ന് – സംസാരം, വേഷവിധാനം മുതലായവയിൽ അവരോട് സാദൃശ്യം പുലർത്തൽ. | 17 |
| രണ്ട് – ആദർശം ബലിനൽകി അവിശ്വാസികൾ ക്കിടയിൽ താമസിക്കൽ. | 18 |
| മൂന്ന് – കുഫ്റിന്റെ നാടുകളിലേക്കുള്ള ഉല്ലാസയാത്ര | 20 |
| നാല് – മുസ്‌ലിംകൾക്കെതിരിൽ ശത്രുക്കളെ സഹായി ക്കുക, അവരെ പുകഴ്ത്തുക. | 21 |
| അഞ്ച് – മുസ്‌ലിംകളുടെ രഹസ്യസൂക്ഷിപ്പുകാരായും കാവൽ ക്കാരായും മറ്റും അവരോട് സഹായം തേടൽ. | 21 |
| ആറ് – അവിശ്വാസികളുടെ ഉത്സവങ്ങൾ ചടങ്ങുകൾ തുടങ്ങി യവയെ അറിയിക്കുന്ന തിയ്യതികൾ കൊണ്ട് തിയ്യതി കുറിക്കൽ | 25 |
| ഏഴ് – അവിശ്വാസികളുടെ ഉത്സവങ്ങളിൽ പങ്കാളി യാവൽ, അവ ആഘോഷിക്കുവാൻ അവരെ സഹായി ക്കൽ | 26 |
| എട്ട് – അവിശ്വാസികൾ വെച്ചുനടക്കുന്ന അവരുടെ നിരർത്ഥക വിശ്വാസങ്ങളും വഴിപിഴച്ച ആദർശങ്ങളും നോക്കാതെ അവരുടെ സംസ്കാരങ്ങളിലും | 27 |

| | |
|---|---|
| നാഗരികതയിലും സ്വഭാവങ്ങളിലും അത്ഭുതംകൂറലും അതിലവരെ അഭിനന്ദിക്കലും. | |
| ഒമ്പത് – പേര് വെക്കൽ | 30 |
| പത്ത് – അവർക്ക് പാപമോചനത്തിനും കാരുണ്യത്തിനും വേണ്ടി പ്രാർത്ഥിക്കൽ | 31 |
| • **വിശ്വാസികളോട് വലാഅ് വെച്ചുപുലർത്തുന്നതിന്റെ പ്രകടരൂപങ്ങൾ** | 33 |
| ഒന്ന് – ആദർശ സംരക്ഷണാർത്ഥം ഹിജ്റ പോകൽ: | 33 |
| രണ്ട് – മതപരവും ഭൗതികപരവുമായ കാര്യങ്ങളിൽ മുസ്ലിം കളെ സഹായിക്കൽ | 35 |
| മൂന്ന് – മുസ്ലിംകളുടെ വേദനയിൽ വേദനിക്കൽ, സന്തോ ഷത്തിൽ സന്തോഷിക്കൽ. | 35 |
| നാല് – മുസ്ലിംകളോടുള്ള ഗുണകാംക്ഷ, സ്നേഹം | 37 |
| അഞ്ച് – അവരെ ആദരിക്കൽ, ബഹുമാനിക്കൽ, കുറവാ ക്കാതിരിക്കൽ, ആക്ഷേപിക്കാതിരിക്കൽ | 38 |
| ആറ് – ക്ഷാമകാലത്തും ക്ഷേമകാലത്തും പ്രയാസത്തിലും എളുപ്പത്തിലും മുസ്ലിംകളോ ടൊപ്പം നിൽക്കൽ. | 40 |
| ഏഴ് – സന്ദർശനങ്ങളും കൂടിക്കാഴ്ചകളും | 41 |
| എട്ട് – അവകാശങ്ങളെ ആദരിക്കൽ | 43 |
| ഒമ്പത് – ദുർബലരോടുള്ള ആർദ്രത | 44 |
| പത്ത് – **പ്രാർത്ഥനയും പാപമോചനത്തിനായുള്ള തേട്ടവും** | 45 |
| • **അറിയിപ്പ്** | 46 |

| | |
|---|---|
| • **വലാഉും, ബറാഉം, ജനങ്ങളും** | 52 |
| ഒന്ന് – നിഷ്കപടമായസ്നേഹം അനിവാര്യമാക്കുന്നവർ | 52 |
| രണ്ട് – വിരോധവും വിദ്വേഷവും അനിവാര്യമാക്കുന്നവർ | 54 |
| **മൂന്ന് – ഒരുനിലക്ക് സ്നേഹവും മറ്റൊരു നിലക്ക് വിരോധവും അനിവാര്യമാക്കുന്നവർ** | 56 |

# വിവർത്തനക്കുറിപ്പ്

ഇസ്‌ലാമിൽ വളരെ അടിസ്ഥാനപരമായ ഒരു വിഷയ മാണ് 'വലാഉം' 'ബറാഉം'. സഹായിക്കുക, സ്നേഹിക്കുക, അടുക്കുക തുടങ്ങിയ വിഷയങ്ങളെ യാണ് 'വലാഅ്' അർത്ഥമാക്കുന്നത്. ഒഴിയുക, അകലുക, നിരുത്തരവാദിയാവുക തുടങ്ങിയ വിഷയങ്ങ ളെയാണ് 'ബറാഅ്' കൈകാര്യം ചെയ്യുന്നത്.

അല്ലാഹുﷻവേയും അമ്പിയാ-മുർസലീങ്ങളേعليهم السلام യും സത്യവിശ്വാസികളേയും നിഷ്കളങ്കമായി സ്നേഹി ക്കുന്നതിന്റെ പ്രകടത 'വലാഅ്' 'ബറാഅ് ' കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ നന്നേ പ്രകടമാണ്. ലോക ത്തെ മുഴുവൻ നിരർത്ഥകങ്ങളേയും അതിന്റെ ആളു കളേയും വെറുക്കുക, ഒഴിയുക എന്നതാണ് 'ബറാഇ' ന്റെ ആശയതലം. ഗ്രന്ഥകാരൻ ശൈഖ് സ്വാലിഹ് ഇബ്നു ഫൗസാൻ ആലുഫൗസാൻ തൽ വിഷയം വലിയ വിശദീകരണമില്ലാതെ തന്നെ ഈ കൊച്ചു കൃതിയിൽ സൂചിപ്പിച്ചിരിക്കുന്നു.

ഈഗ്രന്ഥം, നെല്ലുംപതിരും കൂടിക്കുഴഞ്ഞ ഈ ദുനിയാവിൽ ആത്മാർത്ഥതയുള്ളവർക്ക് ഒന്ന് ആലോ ചിക്കുവാൻ ഒരു നിമിത്തമായെങ്കിൽ എന്ന് ഉത്ഘടമാ യി ആശിക്കുന്നു. ലോകത്ത് അതിന്റെ തുടക്കം മുതൽ അല്ലാഹുﷻവിന്റെ ഔലിയാക്കളും പിശാചിന്റെ ഔലി യാക്കളും സംഘട്ടനത്തിലാണല്ലോ. തങ്ങൾ ശത്രുവാ യി ഗണിക്കേണ്ട പിശാചും പൈശാചികരും മിത്രങ്ങളാ

ക്കപ്പെടുന്ന ദുനിയാവ്. ഒരു വേള മിത്രങ്ങളായി സ്വീക രിക്കപ്പെടേണ്ടവർ വെറുക്കപ്പെടുകയും മുഖ്യ പരിഗണന പൈശാചികർ നേടിയെടുക്കുകയും ചെയ്യപ്പെടുന്ന വർത്തമാനകാലം. ഇവിടെയാണ് ഈ വിഷയം കൂടുത ൽ പ്രസക്തമാകുന്നത്.

മതസൗഹാർദ്ദത്തിന്റെപേരിൽ കാഴ്ചവെക്കപ്പെടു ന്ന പരിപാടികളിൽ മുസ്‌ലിംകൾക്ക് നഷ്ടപ്പെട്ടുപോകു ന്നതിൽ പ്രധാനമായത് ആദർശശുദ്ധിയാണ്. അതിൽ ഗൗരവമായതത്രെ 'വലാഉം' 'ബറാഉം'. ധൈഷണിക വിപ്ലവം അരങ്ങുതകർത്തപാഠ്യപദ്ധതികളും, പാഠശാല കളും, ദൃശ്യശ്രാവ്യമാധ്യമങ്ങളും മുസ്‌ലിംകളുടെ ആദർശവും ബുദ്ധിയും ആസൂത്രിതമായി കവർന്നെടു ത്ത് നാമമാത്രമായ ഒരു മുസ്‌ലിം ജനതയെ പടച്ചു കൊണ്ടിരിക്കുകയാണ്. പിശാചും ആദർശ ശത്രുക്കളും ആരാണെന്നും അവരുടെ ലക്ഷ്യം എന്താണെന്നും അല്ലാഹു ﷻ നമുക്ക് വ്യക്തമാക്കിത്തന്നിട്ടുണ്ട്.

അല്ലാഹു ﷻ പറയുന്നു:

وَلَنْ تَرْضَى عَنْكَ الْيَهُودُ وَلَا النَّصَارَى حَتَّى تَتَّبِعَ مِلَّتَهُمْ قُلْ إِنَّ هُدَى اللَّهِ هُوَ الْهُدَى وَلَئِنِ اتَّبَعْتَ أَهْوَاءَهُمْ بَعْدَ الَّذِي جَاءَكَ مِنَ الْعِلْمِ مَا لَكَ مِنَ اللَّهِ مِنْ وَلِيٍّ وَلَا نَصِيرٍ

"യഹൂദർക്കോ ക്രൈസ്തവർക്കോ ഒരിക്കലും നിന്നെ പ്പറ്റി തൃപ്തിവരികയില്ല, നീ അവരുടെ മാർഗ്ഗം പിൻപറ്റു ന്നതുവരെ. പറയുക അല്ലാഹുവിന്റെ മാർഗ്ഗ ദർശന മാണ് യഥാർത്ഥ മാർഗ്ഗ ദർശനം. നിനക്ക് അറിവ് വന്നു

കിട്ടിയതിന് ശേഷം അവരുടെ തന്നിഷ്ടങ്ങളെയെങ്ങാനും നീ പിൻപറ്റിപ്പോയാൽ അല്ലാഹുവിൽനിന്ന് നിന്നെ രക്ഷിക്കുവാനോ സഹായിക്കുവാനോ ആരുമുണ്ടാവുകയില്ല. ” ( സൂറ: അൽബഖറ: 120)

وَدُّوا لَوْ تَكْفُرُونَ كَمَا كَفَرُوا فَتَكُونُونَ سَوَاءً

“അവർ അവിശ്വസിച്ചത് പോലെ നിങ്ങളും അവിശ്വസിക്കുകയും, അങ്ങനെ നിങ്ങളെല്ലാം ഒരുപോലെയായിത്തീരുകയും ചെയ്യുവാനാണ് അവർ കൊതിക്കുന്നത്.”(അന്നിസാഅ്:89)

إِنْ يَثْقَفُوكُمْ يَكُونُوا لَكُمْ أَعْدَاءً وَيَبْسُطُوا إِلَيْكُمْ أَيْدِيَهُمْ وَأَلْسِنَتَهُمْ بِالسُّوءِ وَوَدُّوا لَوْ تَكْفُرُونَ

“അവർ നിങ്ങളെ കണ്ടുമുട്ടുന്നപക്ഷം അവർ നിങ്ങൾക്ക് ശത്രുക്കളായിരിക്കും. നിങ്ങളുടെ നേർക്ക് ദുഷ്ടതയും കൊണ്ട് അവരുടെ കൈകളും നാവുകളും അവർ നീട്ടുകയും നിങ്ങൾ അവിശ്വസിച്ചിരുന്നുവെങ്കിൽ എന്ന് അവർ ആഗ്രഹിക്കുകയും ചെയ്യും. ”
(സൂറ: അൽമുംതഹിന: 2)

അപ്രകാരം വിഷയത്തിന്റെ ചർച്ചയിൽ ശൈഖ് കൈകാര്യം ചെയ്തതും പ്രത്യേകമായി ഉണർത്തേണ്ടതുമായ മറ്റൊരു ഭാഗമാണ് ചില മുസ്ലിം നാമധാരികളായ തീവ്ര വാദികളുടെ ഹീനമായ ചെയ്തികൾ. തീവ്രതയുടെ വാചാലതയിൽ മൂർച്ചകൂട്ടിയെടുക്കപ്പെടുന്ന കൊലക്കത്തികൾ അമുസ്ലിംകൾക്ക് നേരെ

വീശിയും, ബോംബെറിഞ്ഞും നിരപരാധികൾ വധിക്കപ്പെടുന്നു. നിരുത്തരവാദികളുടെ രക്തം ചിന്തപ്പെടുന്നു. ഇസ്ലാമിന്റെ സുന്ദരമായ മതചിഹ്നങ്ങൾ മുസ്ലിംകളും അമുസ്ലിംകളും ഒരു പോലെ തെറ്റിദ്ധരിക്കുന്നു. അവിശ്വാസികൾ മുസ്ലിം കളെ ഉപദ്രവിക്കാതിരിക്കുകയും മുസ്ലിംകളോട് യുദ്ധം ചെയ്യാതിരിക്കുകയും അവരുടെ വീടുകളിൽ നിന്ന് പുറത്താക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ മുസ്ലിംകൾ അവർക്ക് പ്രത്യുപകാരം ചെയ്യേണ്ടതുണ്ട്. അവർക്ക് നന്മകൾ ചെയ്യേണ്ടതുണ്ട്. നീതിയോട് കൂടി അവരോട് വർത്തിക്കേണ്ടതുമുണ്ട്. അല്ലാഹു ﷻ പറയുന്നു:

لَا يَنْهَاكُمُ اللَّهُ عَنِ الَّذِينَ لَمْ يُقَاتِلُوكُمْ فِي الدِّينِ وَلَمْ يُخْرِجُوكُمْ مِنْ دِيَارِكُمْ أَنْ تَبَرُّوهُمْ وَتُقْسِطُوا إِلَيْهِمْ إِنَّ اللَّهَ يُحِبُّ الْمُقْسِطِينَ

“മതകാര്യങ്ങളിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നന്മചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.” (സൂറ: അൽമുംതഹിന. 8)

വിഷയത്തിന്റെ ഗൗരവവും വിവിധ വശങ്ങളും പ്രമാണികമായി ശൈഖ് സ്വാലിഹ് ഇബ്നു ഫൗസാൻ ഈ കൊച്ചു കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. വിവർത്തനത്തിനു ശേഷം ഈ കൃതി സമർപ്പിക്കുമ്പോൾ മനസ്സിൽ തെളിയുന്നത് വിശുദ്ധ ക്വുർആനിലെ ഒരുവചനമാണ്. അല്ലാഹു ﷻ പറയുന്നു:

**وَإِذْ قَالَتْ أُمَّةٌ مِنْهُمْ لِمَ تَعِظُونَ قَوْمًا اللَّهُ مُهْلِكُهُمْ أَوْ مُعَذِّبُهُمْ عَذَابًا شَدِيدًا قَالُوا مَعْذِرَةً إِلَى رَبِّكُمْ وَلَعَلَّهُمْ يَتَّقُونَ**

**“**അല്ലാഹു നശിപ്പിക്കുകയോ, കഠിനമായി ശിക്ഷിക്കുകയോ ചെയ്യുവാൻ പോകുന്ന ഒരു ജനവിഭാഗത്തെ നിങ്ങളെന്തിനാണ് ഉപദേശിക്കുന്നത്? എന്ന് അവരിൽപെട്ട ഒരു സമൂഹം പറഞ്ഞ സന്ദർഭവും (ശ്രദ്ധിക്കുക) അവർമറുപടി പറഞ്ഞു; നിങ്ങളുടെ രക്ഷിതാവിങ്കൽ (ഞങ്ങൾ) അപരാധത്തിൽ നിന്ന് ഒഴിവാകുന്നതിന് വേണ്ടിയാണ്. ഒരു വേള അവർ സൂക്ഷ്മത പാലിച്ചെന്നും വരാമല്ലോ?**”** (സൂറ: അഅ്റാഫ് –164)

ഈ വിവർത്തനത്തിലൂടെ തികഞ്ഞ ഗുണകാംക്ഷ മാത്രമാണ് ക്വൽബിലുള്ളത്, അല്ലാഹു ﷻ സർവ്വർക്കും സൽ ബുദ്ധി പ്രദാനം ചെയ്യുമാറാകട്ടെ! സത്യത്തിന്റെ പാതയിൽ മുഴുവൻ മുസ്ലീംകളുടേയും കാൽപാദങ്ങളെ അല്ലാഹു ﷻ ഉറപ്പിച്ചുനിർത്തുമാറാകട്ടെ! സത്യം, സത്യമായി മനസ്സിലാക്കുവാനും അതിനെ പിൻപറ്റുവാനും. അസത്യം, അസത്യമായി അറിയുവാനും അതിൽനിന്നും അതിന്റെ അഹ്ലുകാരിൽ നിന്നും

വിട്ടുനിൽക്കുവാനുമുള്ള തൗഫീക് അല്ലാഹു ﷻ ഏവർക്കും പ്രദാനം ചെയ്യുമാറാകട്ടെ! ഇതൊരു സൽക്കർമ്മമായി നാഥൻ സ്വീകരിക്കുമാറാകട്ടെ. ആമീൻ !

ഈ വിവർത്തനത്തിൽ സഹകരിച്ചവർ പലരുമാണ്. ഈ വിവർത്തനം സൂക്ഷ്മമായി പരിശോധിച്ച് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയത് ബഹു: മുഹമ്മദ് സ്വാദിക് മദനിയാണ്. അദ്ദേഹത്തോടുള്ള കടപ്പാടും കൃതജ്ഞതയും രേഖപ്പെടുത്തുന്നു. പേജുകളിൽ അക്ഷരങ്ങൾ നിരത്തിയ സഹോദരൻ ഹബീബുർ റഹ്മാൻ കൊതോടിയിൽ, പരിശോധിക്കുവാൻ സഹകരിച്ച സുഹൃത്തുക്കളായ മാഹീൻ മുഹമ്മദ്, മുഹമ്മദ് റയ്യാൻ, കെട്ടുംമട്ടും നന്നാക്കിയ അബ്ദുല്ലതീഫ് കൊതോടിയിൽ, തുടങ്ങി പലരും. അല്ലാഹു ﷻ എല്ലാവർക്കും പ്രതിഫലം നൽകുമാറാകട്ടെ ആമീൻ. അല്ലാഹുവേ, നിന്റെ പ്രീതിക്കായിമാത്രം. നീ ഞങ്ങളോട് പൊറുക്കേണമേ......

**വിവർത്തകൻ**

# ആമുഖം

സ്തുതികൾ മുഴുവനും അല്ലാഹു﷾വിന് മാത്ര മാകുന്നു. നമ്മുടെ പ്രവാചകൻ മുഹമ്മദ് നബി ﷺയിലും അദ്ദേഹത്തിന്റെ കുടുംബത്തിലും അനുചരരിലും അദ്ദേഹത്തിന്റെ മാർഗ്ഗത്തിൽ വഴിനടന്നവരിലും സ്വലാത്തും സലാമും അല്ലാഹു﷾വിൽ നിന്ന് വർഷിക്കുമാറാകട്ടെ.

തീർച്ചയായും അല്ലാഹുവോടും പ്രവാചകൻﷺയോടുമുള്ള സ്നേഹത്തിനുശേഷം അല്ലാഹുവിന്റെ ഔലിയാക്കളോടുള്ള സ്നേഹവും അല്ലാഹുവിന്റെ ശത്രുക്കളോടുള്ള ശത്രുതയും നിർബന്ധമാണ്.

ഇസ്ലാമിന്റെ ആദർശം മുറുകെ പിടിക്കുന്ന ഓരോ മുസ്ലിമും ആദർശ ബന്ധുക്കളെ സ്നേഹിക്കുകയെന്നതും ആദർശശത്രുക്കളെ വെറുക്കുകയെന്നതും ഇസ്ലാമിക വിശ്വാസത്തിന്റെ അടിസ്ഥാനങ്ങളിൽപ്പെട്ടതാണ്. അതിനാൽ തന്നെ ഒരു മുസ്ലിം തൗഹീദിന്റേയും ഇഖ്ലാസിന്റേയും വക്താക്കളെ സ്നേഹിക്കുകയും അവരോട് മൈത്രി വെച്ചുപുലർത്തുകയും വേണം. ശിർക്കിന്റെ വക്താക്കളെ വെറുക്കുകയും അവരെ ശത്രുവായി കാണുകയും വേണം. അതത്രെ ഇബ്രാഹീം നബി﵇ യുടേയും അദ്ദേഹത്തിൽ വിശ്വസിച്ചവരുടേയും ആദർശം. അവരെ പിന്തുടരുവാനാണല്ലോ നാം കൽപിക്കപ്പെട്ടത്. അല്ലാഹു﷾ പറയുന്നു:

قَدْ كَانَتْ لَكُمْ أُسْوَةٌ حَسَنَةٌ فِي إِبْرَاهِيمَ وَالَّذِينَ مَعَهُ إِذْ قَالُوا لِقَوْمِهِمْ إِنَّا بُرَآءُ مِنْكُمْ وَمِمَّا تَعْبُدُونَ مِنْ دُونِ اللَّهِ كَفَرْنَا بِكُمْ وَبَدَا بَيْنَنَا وَبَيْنَكُمُ الْعَدَاوَةُ وَالْبَغْضَاءُ أَبَدًا حَتَّى تُؤْمِنُوا بِاللَّهِ وَحْدَهُ

“നിങ്ങൾക്ക് ഇബ്റാഹീമിലും അദ്ദേഹത്തിന്റെ കൂടെയുള്ളവരിലും ഉത്തമമായ ഒരു മാതൃക ഉണ്ടായിട്ടുണ്ട്. അവർ തങ്ങളുടെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: നിങ്ങളുമായും അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവരുമായുമുള്ള ബന്ധത്തിൽനിന്ന് തീർച്ചയായും ഞങ്ങൾ ഒഴിവായവരാകുന്നു. നിങ്ങളിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു. നിങ്ങൾ അല്ലാഹുവിനെ മാത്രം വിശ്വസിക്കുന്നതുവരെ എന്നന്നേക്കുമായി ഞങ്ങളും നിങ്ങളും തമ്മിൽ ശത്രുതയും വിദ്വേഷവും പ്രകടമാവുകയുംചെയ്തിരിക്കുന്നു.”
(സൂറ:അൽമുംതഹിന:4)

അതുതന്നെയാണ് മുഹമ്മദ് നബിﷺ പഠിപ്പിച്ച ആദർശവും. അല്ലാഹു ﷻ പറഞ്ഞു:

يَا أَيُّهَا الَّذِينَ آمَنُوا لَا تَتَّخِذُوا الْيَهُودَ وَالنَّصَارَى أَوْلِيَاءَ بَعْضُهُمْ أَوْلِيَاءُ بَعْضٍ وَمَنْ يَتَوَلَّهُمْ مِنْكُمْ فَإِنَّهُ مِنْهُمْ إِنَّ اللَّهَ لَا يَهْدِي الْقَوْمَ الظَّالِمِينَ

“സത്യവിശ്വാസികളെ യഹൂദരേയും ക്രൈസ്തവരേയും നിങ്ങൾ ഉറ്റമിത്രങ്ങളായി സ്വീകരിക്കരുത്. അവരാകട്ടെ, അന്യോന്യം ഉറ്റമിത്രങ്ങളാണുതാനും. നിങ്ങളിൽ നിന്നാരെങ്കിലും അവരെ ഉറ്റമിത്രങ്ങളായി സ്വീകരിക്കുന്നപക്ഷം അവനും അവരിൽ പെട്ടവൻ തന്നെയാണ്.

അക്രമികളായ ആളുകളെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച" (സൂറ: അൽമാഇദ: 51)

പ്രസ്തുത വചനം വേദക്കാരെ ഉറ്റമിത്രങ്ങളാക്കുന്നതിനെയാണ് പ്രത്യേകമായി പരാമർശിക്കുന്നത്. എന്നാൽ സത്യ നിഷേധികളെ മൊത്തത്തിൽ മിത്രങ്ങളാക്കുന്നത് നിഷിദ്ധമാക്കി അല്ലാഹു ﷻ പറയുന്നു:

**يَا أَيُّهَا الَّذِينَ آمَنُوا لَا تَتَّخِذُوا عَدُوِّي وَعَدُوَّكُمْ أَوْلِيَاءَ تُلْقُونَ إِلَيْهِمْ بِالْمَوَدَّةِ**

"ഹേ, സത്യവിശ്വാസികളേ, എന്റെ ശത്രുവും നിങ്ങളുടെ ശത്രുവും ആയിട്ടുള്ളവരോട് സ്നേഹബന്ധം സ്ഥാപിച്ചുകൊണ്ട് നിങ്ങൾ അവരെ മിത്രങ്ങളാക്കി വെക്കരുത്. " (മുംതഹിന:1)

മാത്രമല്ല ഒരു സത്യവിശ്വാസി അവിശ്വാസികളോട്, അവർ അടുത്ത ബന്ധുക്കളാണെങ്കിലും ശരി മുവാലാത്ത് വെച്ചുപുലർത്തുന്നതിനെ അല്ലാഹു ﷻ നിഷിദ്ധമാക്കി. അല്ലാഹു ﷻ പറയുന്നു:

**يَا أَيُّهَا الَّذِينَ آمَنُوا لَا تَتَّخِذُوا آبَاءَكُمْ وَإِخْوَانَكُمْ أَوْلِيَاءَ إِنِ اسْتَحَبُّوا الْكُفْرَ عَلَى الْإِيمَانِ وَمَنْ يَتَوَلَّهُمْ مِنْكُمْ فَأُولَئِكَ هُمُ الظَّالِمُونَ**

“സത്യവിശ്വാസികളേ, നിങ്ങളുടെ പിതാക്കളും നിങ്ങളുടെ സഹോദരങ്ങളും സത്യവിശ്വാസത്തേക്കാൾ സത്യനിഷേധത്തെ പ്രിയങ്കരമായി കരുതുകയാണെങ്കിൽ അവരെ നിങ്ങൾ രക്ഷാകർത്താക്കളായി സ്വീകരിക്കരുത്. നിങ്ങളിൽ നിന്ന് ആരെങ്കിലും അവരെ രക്ഷാകർത്താക്കളായി സ്വീകരിക്കുന്ന പക്ഷം അവർ തന്നെയാണ് അക്രമികൾ. ” (സൂറ: തൗബ. 23)

لَا تَجِدُ قَوْمًا يُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ يُوَادُّونَ مَنْ حَادَّ اللَّهَ وَرَسُولَهُ وَلَوْ كَانُوا آبَاءَهُمْ أَوْ أَبْنَاءَهُمْ أَوْ إِخْوَانَهُمْ أَوْ عَشِيرَتَهُمْ

“അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത അല്ലാഹുവോടും അവന്റെ റസൂലിനോടും എതിർത്തു നിൽക്കുന്നവരുമായി സ്നേഹബന്ധം പുലർത്തുന്നത് നീ കണ്ടെത്തുകയില്ല. അവർ (എതിർപ്പുകാർ) അവരുടെ പിതാക്കളോ പുത്രന്മാരോ സഹോദരന്മാരോ ബന്ധുക്കളോ ആയിരുന്നാൽ പോലും. ” (സൂറ: മുജാദില.22)

ഈ മഹത്തായ ദീനീ അടിസ്ഥാനത്തെ സംബന്ധിച്ച് സിംഹജനങ്ങളും അജ്ഞതയിലാണ്. ചില പ്രബോധകന്മാർ ശത്രുക്കളായ നസ്വാറാക്കളെവരെ നമ്മുടെ സഹോദരന്മാരേ (ഇന്നഹും ഇഖ്വാനുനാ) എന്ന് വിളിച്ച് അഭിസംബോധന ചെയ്യുന്നത് ഈയിടെ

ഞാൻ കേൾക്കുകയുണ്ടായി. എത്ര അപകട കരമായ പദപ്രയോഗമാണത് ?.

ഇസ്‌ലാമിക വിശ്വാസത്തിന്റെ ശത്രുക്കളായ അവിശ്വാസികളോട് ഉറ്റ സ്നേഹം വെച്ചുപുലർത്തുന്നത് അല്ലാഹു ഹറാമാക്കിയത് പോലെ സത്യവിശ്വാസി കളോട് മൈത്രിയും ഉറ്റസ്നേഹവും വെച്ചുപുലർത്തൽ അല്ലാഹു ﷻ നിർബന്ധമാക്കി. അല്ലാഹു ﷻ പറയുന്നു: **إِنَّمَا وَلِيُّكُمُ اللَّهُ وَرَسُولُهُ وَالَّذِينَ آمَنُوا الَّذِينَ يُقِيمُونَ الصَّلَاةَ وَيُؤْتُونَ الزَّكَاةَ وَهُمْ رَاكِعُونَ ۞ وَمَنْ يَتَوَلَّ اللَّهَ وَرَسُولَهُ وَالَّذِينَ آمَنُوا فَإِنَّ حِزْبَ اللَّهِ هُمُ الْغَالِبُونَ ۞**

"അല്ലാഹുവും അവന്റെ ദൂതനും താഴ്മയുള്ളവരായി ക്കൊണ്ട് നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്ന സത്യവിശ്വാ സികളും മാത്രമാകുന്നു നിങ്ങളുടെ ഉറ്റമിത്രങ്ങൾ. വല്ലവനും അല്ലാഹുവേയും, അവ ന്റെ ദൂതനേയും, സത്യവിശ്വാ സികളേയും, മിത്രങ്ങളായി സ്വീകരിക്കുന്നുവെങ്കിൽ തീർച്ചയായും അല്ലാഹുവിന്റെ കക്ഷി തന്നെയാണ് വിജയം നേടുന്നവർ" (സൂറ: മാഇദ 55, 56)

**مُحَمَّدٌ رَسُولُ اللَّهِ وَالَّذِينَ مَعَهُ أَشِدَّاءُ عَلَى الْكُفَّارِ رُحَمَاءُ بَيْنَهُمْ**

“മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു.” (സൂറ: അൽഫത്ഹ്. 29)

إِنَّمَا الْمُؤْمِنُونَ إِخْوَةٌ

“സത്യവിശ്വാസികൾ പരസ്പരം സഹോദരങ്ങൾ തന്നെയാകുന്നു. ” (സൂറ: ഹുജുറാത്ത്. 10)

അതെ, സത്യവിശ്വാസികൾ ആദർശത്തിലും വിശ്വാസത്തിലും പരസ്പരസഹോദരങ്ങളാകുന്നു; അവരുടെ കുടുംബങ്ങളും ദേശങ്ങളും കാലഘട്ടങ്ങളും എത്ര പരസ്പരവിദൂരമായിരുന്നാലും ശരി... അല്ലാഹു ﷻ പറയുന്നു:

وَالَّذِينَ جَاءُوا مِنْ بَعْدِهِمْ يَقُولُونَ رَبَّنَا اغْفِرْ لَنَا وَلِإِخْوَانِنَا الَّذِينَ سَبَقُونَا بِالْإِيمَانِ وَلَا تَجْعَلْ فِي قُلُوبِنَا غِلًّا لِلَّذِينَ آمَنُوا رَبَّنَا إِنَّكَ رَءُوفٌ رَحِيمٌ

“അവരുടെ ശേഷംവന്നവർക്കും. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും സത്യവിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞ് പോയിട്ടുള്ള

ഞങ്ങളുടെ സഹോദരന്മാർക്കും നീ പൊറുത്തു തരേണമേ. സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളു ടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു.” (സൂറ: അൽഹശ്റ്. 10)

അതിനാൽ സത്യവിശ്വാസികൾ, ആദിമ പുരുഷൻ തൊട്ട് അവസാനകണ്ണിവരെ അവരുടെ ദേശങ്ങൾ എത്ര വിദൂരമായാലും, അവരുടെ കാലഘട്ടങ്ങൾ എത്ര അകന്നാലും പരസ്പര സ്നേഹസഹോദരങ്ങളാണ്. അവരിലെ പിൻകാലക്കാർ പൂർവ്വഗാമികളെ നന്മയിൽ പിൻപറ്റുന്നു. അവർ ചിലർ ചിലർക്കുവേണ്ടി അല്ലാഹു വോട് പ്രാർത്ഥിക്കുകയും പാപമോചന ത്തിന് തേടുകയും ചെയ്യുന്നു.

## വലാഉനും ബറാഉനും ചില ഉപരിപ്ലവ ഭാവങ്ങളുണ്ട് :

# അവിശ്വാസികളോട് വലാഅ് വെച്ചുപുലർത്തുന്നതിന്റെ പ്രകടരൂപങ്ങൾ

## ഒന്ന്: സംസാരം, വേഷവിധാനം മുതലായവയിൽ അവരോട് സാദൃശ്യം പുലർത്തൽ.

ഇത്തരം വിഷയങ്ങളിൽ അവരോട് സാദൃശ്യം പുലർത്തിയാൽ ആരെയാണോ സാദൃശ്യ പ്പെടുന്നത് അവരോടുള്ള അകമഴിഞ്ഞ സ്നേഹമാണ് അതറിയിക്കുന്നത്. അതിനാൽ അബ്ദുല്ലാഹ് ഇബ്നു ഉമർﷺവിൽ നിന്നും നിവേദനം ചെയ്യപ്പെടുന്ന ഹദീഥിൽ നബി ﷺ പറഞ്ഞു:

﴿مَنْ تَشَبَّهَ بِقَوْمٍ فَهُوَ مِنْهُمْ﴾

'ആർ ഒരു സമൂഹത്തോട് സാദൃശ്യപ്പെടുന്നുവോ അവൻ അവരിൽപെട്ടവനാണ്.' (മുസ്ലിം) ആയതിനാൽതന്നെ അവിശ്വാസികളോട് അവരുടെ പ്രത്യേക ചടങ്ങുകൾ, ആരാധനകൾ, ആചാരങ്ങൾ, അടയാളങ്ങൾ, സ്വഭാവങ്ങൾ എന്നിവയിൽ സാദൃശ്യപ്പെടൽ ഹറാമാണ്. താടിവടിക്കൽ, മീശ നീട്ടി വളർത്തൽ,

വസ്ത്രരീതി, ഭക്ഷണം, യാതൊരു ആവശ്യവും കൂടാതെ അവിശ്വാസികളുടേതായ ഭാഷ സംസാരിക്കൽ തുടങ്ങിയവയിലെല്ലാം ഈ വിധി ബാധകമാണ്.

## രണ്ട്: ആദർശം ബലിനൽകി അവിശ്വാസികൾക്കിടയിൽ താമസിക്കൽ.

അവിശ്വാസികൾക്കിടയിൽ താമസിക്കുമ്പോൾ ആദർശം പണയപ്പെടുത്തേണ്ടിവരുമെന്ന അവസ്ഥയുണ്ടായാൽ തന്റെ ദീനിനെ സംരക്ഷിക്കാൻ വിശ്വാസികൾക്കിടയിൽ മാറി താമസിക്കലാണ് ഹിജ്റ. ഹിജ്റയിലൂടെ ലക്ഷ്യമാക്കേണ്ടതും ആദർശ സംരക്ഷണമാണ്. പ്രസ്തുത ലക്ഷ്യത്തിനുവേണ്ടി ഹിജ്റ പോകൽ മുസ്ലിമിന് നിർബന്ധമാണ്. തന്റെ ദീൻ ബലി നൽകേണ്ടി വന്നിട്ടും അവിശ്വാസികൾ ക്കിടയിൽ ഒരാൾ കഴിയുന്നുവെങ്കിൽ ആ ആദർശ ശത്രുക്കളായ അവിശ്വാസികളോടുള്ള മുവാലാത്താണ് അത് അറിയിക്കുന്നത്. ഇവിടെയാണ് ഹിജ്റക്ക് സാധ്യമാണെങ്കിൽ അവിശ്വാസികൾക്കിടയിൽ താമസിക്കുന്നതിനെ അല്ലാഹു ﷻ നിഷിദ്ധമാക്കിയത്.

അല്ലാഹു ﷻ പറയുന്നു:

إِنَّ الَّذِينَ تَوَفَّاهُمُ الْمَلَائِكَةُ ظَالِمِي أَنْفُسِهِمْ قَالُوا فِيمَ كُنْتُمْ قَالُوا كُنَّا مُسْتَضْعَفِينَ فِي الْأَرْضِ قَالُوا أَلَمْ تَكُنْ أَرْضُ اللَّهِ وَاسِعَةً فَتُهَاجِرُوا

فِيهَا فَأُولَئِكَ مَأْوَاهُمْ جَهَنَّمُ وَسَاءَتْ مَصِيرًا ۞ إِلَّا الْمُسْتَضْعَفِينَ مِنَ الرِّجَالِ وَالنِّسَاءِ وَالْوِلْدَانِ لَا يَسْتَطِيعُونَ حِيلَةً وَلَا يَهْتَدُونَ سَبِيلًا ۞ فَأُولَئِكَ عَسَى اللَّهُ أَنْ يَعْفُوَ عَنْهُمْ وَكَانَ اللَّهُ عَفُوًّا غَفُورًا ۞ وَمَنْ يُهَاجِرْ فِي سَبِيلِ اللَّهِ يَجِدْ فِي الْأَرْضِ مُرَاغَمًا كَثِيرًا وَسَعَةً وَمَنْ يَخْرُجْ مِنْ بَيْتِهِ مُهَاجِرًا إِلَى اللَّهِ وَرَسُولِهِ ثُمَّ يُدْرِكْهُ الْمَوْتُ فَقَدْ وَقَعَ أَجْرُهُ عَلَى اللَّهِ وَكَانَ اللَّهُ غَفُورًا رَحِيمًا۞

“ (അവിശ്വാസികൾക്കിടയിൽ ജീവിച്ചുകൊണ്ട്) സ്വന്തത്തോട് അന്യായം ചെയ്തവരെ മരിപ്പിക്കുമ്പോൾ മലക്കുകൾ അവരോട് ചോദിക്കും. നിങ്ങളെന്ത് നിലപാടിലായിരുന്നു? അവർ പറയും: ഞങ്ങൾ നാട്ടിൽ അടിച്ചൊതുക്കപ്പെട്ടവരായിരുന്നു. അവർ (മലക്കുകൾ) ചോദിക്കും: അല്ലാഹുവിന്റെ ഭൂമി വിശാലമായിരുന്നില്ലേ? നിങ്ങൾക്ക് സ്വദേശം വിട്ട് അതിൽ എവിടെയെങ്കിലും പോകാമായിരുന്നില്ലേ? എന്നാൽ അത്തരക്കാരുടെ വാസസ്ഥലം നരകമത്രെ. അതെത്ര ചീത്ത സങ്കേതം! എന്നാൽ യാതൊരു ഉപായവും സ്വീകരിക്കാൻ കഴിവില്ലാതെ, ഒരു രക്ഷാമാർഗ്ഗവും കണ്ടെത്താനാവാതെ അടിച്ചൊതുക്കപ്പെട്ടവരായി കഴിയുന്ന പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഇതിൽനിന്ന് ഒഴിവാകുന്നു. അത്തരക്കാർക്ക് അല്ലാഹു മാപ്പ് നൽകിയേക്കാം. അല്ലാഹു അത്യധികം മാപ്പ് നൽകുന്ന

വനും ഏറെ പൊറുക്കുന്നവനുമാകുന്നു" (സൂറ: അന്നിസാഅ് 97,98,99)

ഇവിടെ ഹിജ്റക്ക് സാധ്യമല്ലാത്ത ദുർബലർക്ക് മാത്രമല്ലാതെ അവിശ്വാസികളുടെ നാട്ടിൽതാമസിച്ചതിൽ അല്ലാഹുﷻ ഒഴികഴിവ് നൽകിയിട്ടില്ല. ഇപ്രകാരം ദീൻ പ്രചരിപ്പിക്കുക, പ്രബോധനപ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയ മതപര മായ നന്മകൾക്ക് ശത്രുവിന്റെ നാട്ടിൽ ഒരാൾക്ക് താമസി ക്കാവുന്നതാണ്.

## മൂന്ന് – കുഫ്റിന്റെ നാടുകളിലേക്കുള്ള ഉല്ലാസ യാത്ര

ചികിൽസ, കച്ചവടം, അവിശ്വാസികളുടെ നാട കളിലേക്ക് യാത്ര ചെയ്താൽ മാത്രം ലഭിക്കുന്ന ഉപകാരപ്രദമായ വിദ്യാഭ്യാസം, എന്നീ നിർബന്ധ സന്ദർഭങ്ങളിലല്ലാതെ ശത്രുവിന്റെ നാട്ടിലേക്ക് യാ ത്ര പാടുള്ളതല്ല. ആവശ്യാനുസരണം മാത്രമാണ് പ്രസ്തുത യാത്ര. ആവശ്യം തീർന്നാൽ മടങ്ങൽ നിർ ബന്ധമാണ്. ഇത്തരം യാത്രാവേളകളിൽ തന്റെ ദീൻ പ്രകടിപ്പിക്കുക, ദീനിൽ പ്രതാപം കാണിക്കുക,. ശത്രു വിന്റെ കുതന്ത്രങ്ങളിൽ നിന്നും ഉപചാപങ്ങളിൽ നിന്നും കരുതിയിരിക്കുവാനെന്നോണം തിന്മയുടെ വേദികളി ൽനിന്ന് വിട്ടുനിൽക്കുക, എന്നതെല്ലാം നിബന്ധനയാ ക്കപ്പെടും. ഇപ്രകാരം പ്രബോധനത്തിനും ദീനീ പ്രചര

ണത്തിനും ശത്രുക്കളിലേക്ക് യാത്രപോകൽ നിർബന്ധമോ അല്ലെങ്കിൽ അനുവദനീയമോ ആണ്.

## നാല് - മുസ്‌ലിംകൾക്കെതിരിൽ ശത്രുക്കളെ സഹായിക്കുക, അവരെ പുകഴ്ത്തുക,

പ്രസ്തുത വിഷയം ദീനിൽനിന്ന് ആളുകളെ പുറത്താക്കുന്ന വിഷയമാണ്, ഇസ്‌ലാമിനെ പൊളിക്കുന്നതും. അല്ലാഹുവേ നിന്റെ കാവൽ..

## അഞ്ച്- മുസ്‌ലിംകളുടെ രഹസ്യ സൂക്ഷിപ്പുകാരായും കാവൽക്കാരായും മറ്റും അവരോട് സഹായം തേടൽ.

അല്ലാഹു ﷻ പറയുന്നു:

**يَا أَيُّهَا الَّذِينَ آمَنُوا لَا تَتَّخِذُوا بِطَانَةً مِنْ دُونِكُمْ لَا يَأْلُونَكُمْ خَبَالًا وَدُّوا مَا عَنِتُّمْ قَدْ بَدَتِ الْبَغْضَاءُ مِنْ أَفْوَاهِهِمْ وَمَا تُخْفِي صُدُورُهُمْ أَكْبَرُ قَدْ بَيَّنَّا لَكُمُ الْآيَاتِ إِنْ كُنْتُمْ تَعْقِلُونَ ۞ هَا أَنْتُمْ أُولَاءِ تُحِبُّونَهُمْ وَلَا يُحِبُّونَكُمْ وَتُؤْمِنُونَ بِالْكِتَابِ كُلِّهِ وَإِذَا لَقُوكُمْ قَالُوا آمَنَّا وَإِذَا خَلَوْا عَضُّوا عَلَيْكُمُ الْأَنَامِلَ مِنَ الْغَيْظِ قُلْ مُوتُوا بِغَيْظِكُمْ إِنَّ اللَّهَ عَلِيمٌ بِذَاتِ الصُّدُورِ ۞ إِنْ تَمْسَسْكُمْ حَسَنَةٌ تَسُؤْهُمْ وَإِنْ تُصِبْكُمْ سَيِّئَةٌ يَفْرَحُوا بِهَا**

“സത്യവിശ്വാസികളേ,നിങ്ങൾക്ക് പുറമെയുള്ളവരിൽനിന്ന് നിങ്ങൾ ഉള്ളുകള്ളിക്കാരെ സ്വീകരിക്കരുത്. നിങ്ങൾക്ക് അനർത്ഥമുണ്ടാക്കുന്ന കാര്യത്തിൽ അവർ ഒരു വീഴ്ചയും വരുത്തുകയില്ല. നിങ്ങൾ ബുദ്ധിമുട്ടുന്നതാണ് അവർക്കിഷ്ടം. വിദ്വേഷം അവരുടെ വായയിൽ നിന്ന് വെളിപ്പെട്ടിരിക്കുന്നു. അവരുടെ മനസ്സുകൾ ഒളിപ്പിച്ചുവെക്കുന്നത് കൂടുതൽ ഗുരുതരമാകുന്നു. നിങ്ങൾക്കിതാ നാം തെളിവുകൾ വിവരിച്ചു തന്നിരിക്കുന്നു; നിങ്ങൾ ചിന്തിക്കുന്നവരാണെങ്കിൽ നോക്കൂ നിങ്ങളുടെ സ്ഥിതി. നിങ്ങളവരെ സ്നേഹിക്കുന്നു. അവർ നിങ്ങളെ സ്നേഹിക്കുന്നില്ല. നിങ്ങൾ എല്ലാ വേദഗ്രന്ഥങ്ങളിലും വിശ്വസിക്കുകയും ചെയ്യുന്നു. നിങ്ങളെ കണ്ടുമുട്ടുമ്പോൾ അവർ പറയും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന്. എന്നാൽ അവർ തനിച്ചാകുമ്പോൾ നിങ്ങളോടുള്ള അരിശംകൊണ്ട് അവർ വിരലുകൾ കടിക്കുകയും ചെയ്യും. (നബിയേ) പറയുക; നിങ്ങളുടെ അരിശംകൊണ്ട് നിങ്ങൾ മരിച്ചുകൊള്ളൂ. തീർച്ചയായും അല്ലാഹു മനസ്സിലുള്ളത് അറിയുന്നവനാകുന്നു. നിങ്ങൾക്ക് വല്ല നേട്ടവും ലഭിക്കുന്നപക്ഷം അതവർക്ക് മനഃപ്രയാസമുണ്ടാക്കും. നിങ്ങൾക്ക് വല്ല ദോഷവും നേരിട്ടാൽ അവരതിൽ സന്തോഷിക്കുകയും ചെയ്യും” (ആലുഇംറാൻ 118–120)

ഉപരിസൂചിത വചനങ്ങൾ അവിശ്വാസികളുടെ ഉള്ളിലിരിപ്പും മുസ്‌ലിംകൾക്കുനേരെ അവർ ഒളിപ്പിക്കുന്ന വിദ്വേഷവും മുസ്‌ലിംകൾക്കെതിരിൽ ശത്രു മെനയുന്ന കുതന്ത്രങ്ങളും ചതിയും എല്ലാ മാർഗ്ഗേനെയും മുസ്‌ലിംകളെ ഉപദ്രവിക്കുവാനും അവർക്ക് പോറലേൽപ്പിക്കുവാനും ശത്രു ഇഷ്ടപ്പെടുന്നു വെന്നും വ്യക്തമാകുന്നു. മാത്രമല്ല മുസ്‌ലിംകളുടെ വിശ്വാസ്യതയെ മുതലെടുത്ത്, മുസ്‌ലിംകൾക്ക് ഉപദ്രവമേൽപ്പിക്കുവാൻ അവിശ്വാസികൾ തയ്യാറെടുക്കുമെന്നും ആയത്ത് വ്യക്തമാക്കുന്നു

അബൂമൂസൽ അശ്അരി﵁വിൽനിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു; ഞാൻ ഉമർ﵁വിനോട് പറഞ്ഞു: എനിക്ക് നസ്റാനിയായ ഒരു എഴുത്തുകാരനുണ്ട്. ഉമർ﵁ പറഞ്ഞു: താങ്കൾക്ക് എന്തുപറ്റി? അല്ലാഹു ﷻ പറഞ്ഞത് താങ്കളുടെ ശ്രദ്ധയിലില്ലേ?

**يَا أَيُّهَا الَّذِينَ آمَنُوا لَا تَتَّخِذُوا الْيَهُودَ وَالنَّصَارَى أَوْلِيَاءَ بَعْضُهُمْ أَوْلِيَاءُ بَعْضٍ**

“സത്യവിശ്വാസികളെ യഹൂദരേയും ക്രൈസ്തവരേയും നി ങ്ങൾ ഉറ്റമിത്രങ്ങളായി സ്വീകരിക്കരുത്. അവരാകട്ടെ, അന്യോന്യം ഉറ്റമിത്രങ്ങളാണ് താനും. ” (സൂറ: മാഇദ 51) താങ്കൾക്ക് ഒരു ഋജുമാർഗ്ഗിയെ (എഴുത്തുകാര

നായി) സ്വീകരിച്ചുകൂടേ? ഞാൻ പറഞ്ഞു: അമീറുൽ മുഅ്മിനീൻ, എനിക്ക് അയാളുടെ എഴുത്തും അയാൾക്ക് അയാളുടെ ദീനും. ഉമർ﵁ പറഞ്ഞു: അല്ലാഹു അവരെ അനാദരിച്ചിരിക്കേ ഞാൻ അവരെ ആദരിക്കില്ല. അല്ലാഹു അവരെ നിന്ദിച്ചിരിക്കേ ഞാനവരെ പ്രതാപവാന്മാരാക്കില്ല. അല്ലാഹു അവരെ അകറ്റിയിരിക്കെ ഞാനവരെ അടുപ്പിക്കില്ല. ( അഹ്മദ് )

ഉമ്മുൽമുഅ്മനീൻ ആഇശ﵂യിൽനിന്നും ഇമാം അഹ്മദും ഇമാം മുസ്‌ലിമും﵁ റിപ്പോർട്ട് ചെയ്യുന്നു:

﴿أَنَّ النَّبِيَّ ﷺ خَرَجَ إِلَى بَدْرٍ فَتَبِعَهُ رَجُلٌ مِنَ الْمُشْرِكِينَ فَلَحِقَهُ عِنْدَ الْحَرَّة ، فَقَالَ: إِنِّي أَرَدْتُ أَنْ أَتَّبِعَكَ وَأُصِيبَ مَعَكَ، قَالَ: تُؤْمِنُ بِاللهِ وَرَسُولِهِ ؟ قَالَ: لاَ. قَالَ: ارْجِعْ ، فَلَنْ أَسْتَعِينَ بِمُشْرِكٍ﴾

നബിﷺ ബദറിലേക്ക് പുറപ്പെട്ടു. അപ്പോൾ മുശ്‌രിക്കുകളിൽപെട്ട ഒരു വ്യക്തി പ്രവാചകനെ അനുഗമിച്ചു. ഹർറയിൽ വെച്ച് അയാൾ പ്രവാചകൻﷺയെ കണ്ടുമുട്ടി. അയാൾ പറഞ്ഞു; താങ്കളെ അനുഗമിക്കുവാനും താങ്കളോടൊപ്പം (യുദ്ധാർജിതസ്വത്ത്) നേടുവാനും ഞാൻ ഉദ്ദേശിക്കുന്നു. നബിﷺ ചോദിച്ചു; നിങ്ങൾ അല്ലാഹുവിലും അല്ലാഹുവിന്റെ റസൂലിലും വിശ്വസി

ക്കുന്നുണ്ടോ? അയാൾ പറഞ്ഞു; ഇല്ല. നബിﷺ പറഞ്ഞു; താങ്കൾക്ക് മടങ്ങാം. ഞാനൊരു മുശ്രിക്കിനെ കൊണ്ട് സഹായം തേടില്ല (മുസ്‌ലിം, അഹമദ്)

ഉപരിസൂചിത തെളിവുകളിൽനിന്നും നമുക്ക് വ്യക്തമാ കുന്നത് മുസ്‌ലിംകളുടെ അവസ്ഥകളും രഹസ്യങ്ങളും അടുത്ത റിയുകയും മുസ്‌ലിംകൾക്കെതിരിൽ തന്ത്രം മെനഞ്ഞ് ഉപദ്രവം വരുത്തുകയും ചെയ്യുംവിധം അമുസ്‌ലിംകളെ ജോലിക്ക് നിശ്ചയിക്കൽ നിഷിദ്ധമാണ്.

ഈ കാലഘട്ടത്തിൽ മുസ്‌ലിം നാടുകളിലേക്കും, വീടുകളിലേക്കും വീട്ടുജോലിക്കാരായും ഡ്രൈവർമാരായും വീടുകളിൽ പരിചാരകരായും കൊണ്ടുവരപ്പെടുന്ന അവിശ്വാസികൾ ഈ ഗണത്തിലാണ്. മുസ്‌ലിം വീടുകളിൽ കുടുംബങ്ങളോട് ഇടപഴകിയും, പരിചാരകരായും കണ്ടുവരുന്ന ഡ്രൈവർമാരും മറ്റു ജോലിക്കാരും ഇപ്രകാരം തന്നെ.

## ആറ് – അവിശ്വാസികളുടെ ഉത്സവങ്ങൾ ചടങ്ങുകൾ തുടങ്ങിയവയെ പറഞ്ഞറിയിക്കുന്ന തിയ്യതികൾകൊണ്ട് തിയ്യതി കുറിക്കൽ

ഈസാ നബിعَلَيْهِ السَّلَامُയുടെ ജന്മദിനത്തെ അനുസ്മരിക്കുന്ന കൃസ്താബ്ദം അതിനൊരുദാഹരണമാണ്. കൃസ്താബ്ദം ക്രൈസ്തവർ കെട്ടിപ്പടച്ചതാണ്. അത് ഈസാعَلَيْهِ السَّلَامُ പഠിപ്പിച്ച മതത്തിന്റെ ഭാഗമേയല്ല. അപ്പോൾ ഇത്തരം തിയ്യതി ഉപയോഗിക്കുന്നതിൽ ക്രൈസ്തവരുടെ മതചിഹ്നങ്ങളേയും ഉത്സവങ്ങളേയും പുനരുജ്ജീവിപ്പിക്കലാണുള്ളത്. ഇത് കയ്യൊഴിക്കുവാനാണ് സ്വഹാബികൾ മുസ്‌ലിംകൾക്ക് ഉമർرَضِيَ اللَّهُ عَنْهُന്റെ ഭരണകാലത്ത് പ്രത്യേകമായി ഒരു തിയ്യതിനിർണ്ണയം നടത്തിയത്. അവിശ്വാസികൾക്ക് പ്രത്യേകമായ കാര്യങ്ങളിൽ അവരോട് നാം എതിരാകൽ നിർബന്ധമാണ് എന്നത് വിളിച്ചറിയിക്കുന്ന സംഭവങ്ങളിൽപെട്ടതാണ് അവിശ്വാസികളുടെ തിയ്യതി നിർണ്ണയത്തിൽ നിന്ന് തെറ്റി പ്രവാചകൻﷺയുടെ ഹിജ്റയെ ആസ്പദമാക്കി അവർ തങ്ങളുടെ തിയ്യതി നിശ്ചയിച്ചത്. അല്ലാഹുവേ നിന്റെ കാവൽ.

## ഏഴ് – അവിശ്വാസികളുടെ ഉത്സവങ്ങളിൽ പങ്കാളിയാവൽ, അത് കൊണ്ടാടാൻ അവരെ സഹായിക്കൽ

അല്ലാഹുسُبْحَانَهُ وَتَعَالَى പറയുന്നു:

وَالَّذِينَ لَا يَشْهَدُونَ الزُّورَ وَإِذَا مَرُّوا بِاللَّغْوِ مَرُّوا كِرَامًا

(വ്യാജത്തിന് സാക്ഷിനിൽക്കാത്തവരും)
(അൽഫുർകാൻ: 72)

പ്രസ്തുത വചനം ഇപ്രകാരം വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു; അഥവാ 'ഇബാദുറഹ്മാൻ' (അല്ലാഹുവിന്റെ ദാസന്മാർ; അവരുടെ വിശേഷണങ്ങളിൽപ്പെട്ടതാണ് അവർ അവിശ്വാസികളുടെ ഉത്സവങ്ങളിൽ സംബന്ധിക്കില്ല എന്നത് )

**എട്ട് – അവിശ്വാസികൾ വെച്ചുനടക്കുന്ന അവരുടെ നിരർത്ഥക വിശ്വാസങ്ങളും വഴിപിഴച്ച ആദർശങ്ങളും നോക്കാതെ അവരുടെ സംസ്കാരങ്ങളിലും നാഗരികതയിലും സ്വഭാവങ്ങളിലും അത്ഭുതം കൂറലും അതിൽ അവരെ അഭിനന്ദിക്കലും.**

അല്ലാഹു ﷻ പറയുന്നു:

وَلَا تَمُدَّنَّ عَيْنَيْكَ إِلَى مَا مَتَّعْنَا بِهِ أَزْوَاجًا مِنْهُمْ زَهْرَةَ الْحَيَاةِ الدُّنْيَا لِنَفْتِنَهُمْ فِيهِ وَرِزْقُ رَبِّكَ خَيْرٌ وَأَبْقَى

“അവരിൽ (മനുഷ്യരിൽ) പല വിഭാഗങ്ങൾക്ക് നാം ഐഹിക ജീവിതാലങ്കാരം അനുഭവിപ്പിച്ചതിലേക്ക് നിന്റെ ദൃഷ്ടികൾ നീ പായിക്കരുത്. അതിലൂടെ നാം അവരെ പരീക്ഷിക്കുവാൻ (ഉദ്ദേശിക്കുന്നു) നിന്റെ രക്ഷിതാവ് നൽകുന്ന ഉപജീവനമാകുന്നു കൂടുതൽ ഉത്തമവും നിലനിൽക്കുന്നതും” (സൂറ: ത്വാഹ 131)

വ്യവസായം പഠിക്കൽ, അനുവദനീയമായ സാമ്പത്തിക സ്രോതസ്സുകൾ അഭ്യസിക്കൽ, സൈനിക പരിശീലനങ്ങൾ തുടങ്ങിയ ശക്തി ഹേതുകങ്ങൾ മുസ്‌ലിമീങ്ങൾ സ്വീകരിക്കേണ്ട എന്ന് ഇതിനർത്ഥമില്ല അത് ദീൻ താൽപര്യപ്പെട്ട വിഷയമാണ്. അല്ലാഹു ﷻ പറയുന്നു:

وَأَعِدُّواْ لَهُم مَّا اسْتَطَعْتُم مِّن قُوَّةٍ

“അവരെ നേരിടാൻവേണ്ടി നിങ്ങളുടെ കഴിവിൽപ്പെട്ട എല്ലാ ശക്തിയും നിങ്ങളൊരുക്കുക” (സൂറ: അൻഫാൽ 60) ഭൂമിയുടെ പരപ്പിലുള്ള അനുഭവ ങ്ങളും പ്രാപഞ്ചിക രഹസ്യങ്ങളും യഥാർത്ഥത്തിൽ അവ മുസ്‌ലിംകൾക്കുള്ളതാണ്.

അല്ലാഹു ﷻ പറയുന്നു:

قُلْ مَنْ حَرَّمَ زِينَةَ اللهِّ الَّتِيَ أَخْرَجَ لِعِبَادِهِ وَالْطَّيِّبَاتِ مِنَ الرِّزْقِ قُلْ هِي لِلَّذِينَ آمَنُواْ فِي الْحَيَاةِ الدُّنْيَا خَالِصَةً يَوْمَ الْقِيَامَةِ

“(നബിയേ) പറയുക: അല്ലാഹു അവന്റെ ദാസന്മാർക്ക് വേ ണ്ടി ഉൽപാദിപ്പിച്ചിട്ടുള്ള അലങ്കാര വസ്തുക്കളും വിശിഷ്ടമായ ആഹാരപദാർത്ഥങ്ങളും നിഷിദ്ധമാക്കിയതാരാണ്? പറയുക: അവ ഐഹികജീവിതത്തിൽ സത്യവിശ്വാസികൾക്ക് അവകാശപ്പെട്ടതാണ്. ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ അവർക്കു മാത്രമുള്ളതുമാണ്.” (സൂറ: അഅ്റാഫ്: 32)

يَوْمَ يَقُولُ الْمُنَافِقُونَ وَالْمُنَافِقَاتُ لِلَّذِينَ آمَنُوا انظُرُونَا نَقْتَبِسْ مِن نُّورِكُمْ قِيلَ ارْجِعُوا وَرَاءكُمْ فَالْتَمِسُوا نُورًا فَضُرِبَ بَيْنَهُم بِسُورٍ لَّهُ بَابٌ بَاطِنُهُ فِيهِ الرَّحْمَةُ وَظَاهِرُهُ مِن قِبَلِهِ الْعَذَابُ

കപടവിശ്വാസികളും കപടവിശ്വാസിനികളും സത്യവിശ്വാസി കളോട് (ഇങ്ങനെ) പറയുന്ന ദിവസം: നിങ്ങൾ ഞങ്ങളെ നോക്കണേ! നിങ്ങളുടെ പ്രകാശത്തിൽ നിന്ന് ഞങ്ങൾ പകർത്തി എടുക്കട്ടെ. (അപ്പോൾ അവരോട്) പറയപ്പെടും: നിങ്ങൾ നിങ്ങളുടെ പിൻഭാഗത്തേക്കു തന്നെ മടങ്ങിപ്പോകുക. എന്നിട്ട് പ്രകാശം അന്വേഷിച്ചു കൊള്ളുക! അപ്പോൾ അവർക്കിടയിൽ ഒരു മതിൽ കൊണ്ട് മറയുണ്ടാക്കപ്പെടുന്നതാണ്. അതിന് ഒരു വാതിലുണ്ടായിരിക്കും. അതിന്റെ

ഉൾഭാഗത്താണ് കാരുണ്യമുള്ളത്. അതിന്റെ പുറഭാഗ ത്താകട്ടെ ശിക്ഷയും.

وَسَخَّرَ لَكُمْ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ جَمِيعًا مِنْهُ إِنَّ فِي ذَلِكَ لَآيَاتٍ لِقَوْمٍ يَتَفَكَّرُونَ

"ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം തന്റെ വകയായി അവൻ നിങ്ങൾക്ക് അധീനപ്പെടുത്തി ത്തരികയും ചെയ്തിരിക്കുന്നു." (സൂറ: ജാഥിയ 13)

هُوَ الَّذِي خَلَقَ لَكُم مَّا فِي الأَرْضِ جَمِيعاً ثُمَّ اسْتَوَى إِلَى السَّمَاء فَسَوَّاهُنَّ سَبْعَ سَمَاوَاتٍ وَهُوَ بِكُلِّ شَيْءٍ عَلِيمٌ

"അവനാണ് നിങ്ങൾക്കു വേണ്ടി ഭൂമിയിലു ള്ളതെല്ലാം സൃഷ്ടിച്ചു തന്നത്" (സൂറ: ബഖറ: 29)

പ്രസ്തുത അനുഭവങ്ങളും കഴിവുകളും മുതലെടു ക്കുവാൻ മുസ്ലിംകൾ മുന്നേറേണ്ടതുണ്ട്. അത് അനിവാര്യമാണ്. അവ കണ്ടുപിടിക്കാൻ അമുസ്ലിം കളെ അവലംബിക്കേണ്ടതി നുപകരം മുസ്ലിംകൾ ക്കും ഉത്പാദനകേന്ദ്രങ്ങളും സാങ്കേതിക വിവരമേഖല കളും ഉണ്ടാകേണ്ടതുണ്ട്.

## ഒമ്പത് – പേര് വെക്കൽ

ചില മുസ്ലിംകൾ തങ്ങളുടെ മക്കൾക്ക് അന്യ നാമകരണങ്ങൾ നൽകുകയും തങ്ങളുടെ മാതാപിതാക്കളും പൂർവ്വികരും സ്വീകരിച്ചിരുന്ന സമൂഹത്തിലെ അറിയപ്പെട്ട നാമങ്ങൾ വർജിക്കുകയും ചെയ്തിരിക്കുന്നു. നാമനിർണ്ണയവുമായി ബന്ധപ്പെട്ട് നബി (ﷺ) പറഞ്ഞു;

﴿خَيْرُ الْأَسْمَاءِ عَبْدُ اللهِ وَعَبْدُ الرَّحْمنِ﴾

“നാമങ്ങളിൽ ഏറ്റവുംനല്ലത് അബ്ദുല്ലയും അബ്ദുറഹ്മാനുമാണ്.” (അഹ്മദ്) ഇന്നൊരു തലമുറ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അവർ ചില വിചിത്രനാമങ്ങൾ സ്വീകരിക്കുകയും തങ്ങളുടെ തലമുറയെപൂർവ്വതലമുറകളിൽനിന്ന് വേർപെടുത്തുവാനും പരസ്പരം തിരിച്ചറിയുന്നത് മുറിച്ചുകളയുവാനും കാരണമായിരിക്കുന്നു.

## പത്ത്: അവർക്ക് പാപമോചനത്തിനും കാരുണ്യത്തിനും വേണ്ടി പ്രാർത്ഥിക്കൽ

അല്ലാഹു ﷻ പ്രസ്തുതകാര്യം നിഷിദ്ധമാക്കിക്കൊണ്ടു പറഞ്ഞു:

مَا كَانَ لِلنَّبِيِّ وَالَّذِينَ آمَنُواْ أَن يَسْتَغْفِرُواْ لِلْمُشْرِكِينَ وَلَوْ كَانُواْ أُوْلِي قُرْبَى مِن بَعْدِ مَا تَبَيَّنَ لَهُمْ أَنَّهُمْ أَصْحَابُ الْجَحِيمِ

"ബഹുദൈവവിശ്വാസികൾ ജ്വലിക്കുന്ന നരകാഗ്നിയുടെ അവകാശികളാണെന്ന് തങ്ങൾക്ക് വ്യക്തമായിക്കഴിഞ്ഞതിനുശേഷം അവർക്കുവേണ്ടിപാപമോചനം തേടുവാൻ അവർ അടുത്ത ബന്ധമുള്ളവരായാൽപോലും പ്രവാചകനും സത്യവിശ്വാസികൾക്കും പാടുള്ളതല്ല" (സൂറ: തൗബ: 113)

കാരണം അവർക്കു വേണ്ടി പാപമോചനത്തിനു വേണ്ടിയുള്ള പ്രാർത്ഥനയും കാരുണ്യത്തിനുള്ള തേട്ടവും അവർ നില കൊള്ളുന്ന പിഴച്ച ആദർശത്തെ ശരിപ്പെടുത്തലും ആദർശ ശത്രുക്കളെ സ്നേഹിക്കലും ഉൾക്കൊള്ളുന്നു.

# വിശ്വാസികളോട് ‘വലാഅ്’ വെച്ച് പുലർത്തുന്നതിന്റെ പ്രകടരൂപങ്ങൾ

## ഒന്ന്– ആദർശ സംരക്ഷണാർത്ഥം ഹിജ്‌റ പോകൽ

ദീൻ ബലിനൽകേണ്ടിവരുന്ന സന്ദർഭങ്ങളിൽ തങ്ങളുടെ ആദർശം സംരക്ഷിക്കുവാൻ അവിശ്വാസികളുടെ നാടുകളിൽ നിന്ന് മുസ്‌ലിം നാടുകളിലേക്ക് പാലായനം ചെയ്യുന്നതിനാണ് ഹിജ്‌റ എന്ന് പറയുന്നത്.

ഈ അർത്ഥത്തിനാണ് ഹിജ്‌റ; ഉപരിസൂചിത ലക്ഷ്യത്തിനായി ഹിജ്‌റ പോകൽ നിർബന്ധവും. ഖിയാമത്ത് നാളിന്റെ അടയാളമായ സൂര്യൻ പടിഞ്ഞാറുനിന്ന് ഉദിക്കുന്നതുവരെ ഹിജ്‌റ നിലനിൽക്കുന്നതുമാണ്.

ഹിജ്‌റക്ക് സാധ്യമായിട്ടും ഹിജ്‌റ പോകാതെ ബഹുദൈവ വിശ്വാസികൾക്കിടയിൽ താമസിക്കുന്ന മുസ്‌ലിംകളിൽ നിന്ന് മുഹമ്മദ് നബിﷺ നിരുത്തരവാദിയാണ്. പ്രബോധന പ്രവർത്തനങ്ങൾക്കും ദീനീ

പ്രചാരണങ്ങൾക്കും സാധ്യമാകുന്നുവെങ്കിലല്ലാതെ അവിശ്വാസി കളുടെ നാട്ടിൽ അവരോട് ഒട്ടി ജീവിക്കൽ ഒരു മുസ്ലിമിന് നിഷിദ്ധമാണ്. അല്ലാഹു ﷻ പറയുന്നു.

إِنَّ الَّذِينَ تَوَفَّاهُمُ الْمَلآئِكَةُ ظَالِمِي أَنْفُسِهِمْ قَالُواْ فِيمَ كُنتُمْ قَالُواْ كُنَّا مُسْتَضْعَفِينَ فِي الأَرْضِ قَالْوَاْ أَلَمْ تَكُنْ أَرْضُ اللّهِ وَاسِعَةً فَتُهَاجِرُواْ فِيهَا فَأُوْلَـئِكَ مَأْوَاهُمْ جَهَنَّمُ وَسَاءتْ مَصِيرًا ۞ إِلاَّ الْمُسْتَضْعَفِينَ مِنَ الرِّجَالِ وَالنِّسَاء وَالْوِلْدَانِ لاَ يَسْتَطِيعُونَ حِيلَةً وَلاَ يَهْتَدُونَ سَبِيلاً ۞ فَأُوْلَـئِكَ عَسَى اللّهُ أَن يَعْفُوَ عَنْهُمْ وَكَانَ اللّهُ عَفُوًّا غَفُورًا

“(അവിശ്വാസികളുടെ ഇടയിൽ ജീവിച്ചു കൊണ്ട്) സ്വന്തത്തോട് അന്യായം ചെയ്തവരെ മരിപ്പിക്കുമ്പോൾ മലക്കുകൾ അവരോട് ചോദിക്കും. നിങ്ങളെന്ത് നിലപാടിലായിരുന്നു? അവർ പറയും: ഞങ്ങൾ നാട്ടിൽ അടിച്ചൊതുക്കപ്പെട്ടവരായിരുന്നു. അവർ (മലക്കുകൾ) ചോദിക്കും: അല്ലാഹുവിന്റെ ഭൂമി വിശാലമായി രുന്നില്ലേ? നിങ്ങൾക്ക് സ്വദേശം വിട്ട് അതിൽ എവിടെ യെങ്കിലും പോകാമായിരുന്നില്ലേ? എന്നാൽ അത്തര ക്കാരുടെ വാസസ്ഥലം നരകമത്രെ. അതെത്ര ചീത്ത സങ്കേതം! എന്നാൽ യാതൊരുപായവും സ്വീകരിക്കാൻ കഴിവില്ലാതെ, ഒരു രക്ഷാമാർഗ്ഗവും കണ്ടെത്താനാ വാതെ അടിച്ചൊതുക്കപ്പെട്ടവരായി കഴിയുന്ന പുരു ഷന്മാരും സ്ത്രീകളും കുട്ടികളും ഇതിൽനിന്ന് ഒഴിവാ

കുന്നു. അത്തരക്കാർക്ക് അല്ലാഹു മാപ്പ് നൽകിയേക്കാം. അല്ലാഹു അത്യധികം മാപ്പ് നൽകുന്നവനും ഏറെ പൊറുക്കുന്നവനുമാകുന്നു**”** (സൂറ:നിസാഅ് 97,98,99)

## രണ്ട് – മതപരവും ഭൗതികപരവുമായ കാര്യങ്ങളിൽ മുസ്ലിംകളെ സഹായിക്കൽ

അല്ലാഹുﷻ പറയുന്നു:

وَالمُؤْمِنُونَ وَالمُؤْمِنَاتُ بَعْضُهُمْ أَوْلِيَاء بَعْضٍ

**“**സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോ ന്യം മിത്രങ്ങളാകുന്നു**”** (സൂറ: തൗബ 71)

وَإِنِ اسْتَنصَرُوكُمْ فِي الدِّينِ فَعَلَيْكُمُ النَّصْرُ إِلاَّ عَلَى قَوْمٍ بَيْنَكُمْ وَبَيْنَهُم مِّيثَاقٌ

**“**ഇനി മതകാര്യത്തിൽ അവർ നിങ്ങളുടെ സഹായം തേടുകയാണെങ്കിൽ സഹായിക്കാൻ നിങ്ങൾക്ക് ബാധ്യതയുണ്ട്. എന്നാൽ നിങ്ങളുമായി കരാറിലേർപ്പെട്ടു കഴിയുന്ന ജനതക്കെതിരായി (നിങ്ങളവരെ സഹായിക്കുവാൻ) പാടുള്ളതല്ല**”** (സൂറ: അൻഫാൽ 72 )

## മൂന്ന്– മുസ്ലിംകളുടെ വേദനയിൽ വേദനിക്കൽ, സന്തോഷത്തിൽ സന്തോഷിക്കൽ.

നുഅ്മാൻ ഇബ്നു ബഷീർ ﷛ വിൽനിന്നും നിവേദനം: നബി ﷺ പറഞ്ഞു:

**﴿مَثَلُ الْمُسْلِمِينَ فِي تَوَادِّهِمْ وَتَعَاطُفِهِمْ وَتَرَاحُمِهِمْ كَمَثَلِ الْجَسَدِالْوَاحِدِ إِذَا اشْتَكَى مِنْهُ عُضُوٌ تَدَاعَى لَهُ سَائِرُ الْجَسَدِ بِالْحُمَّى والسّهرِ﴾**

പരസ്പര സ്നേഹത്തിലും, വാത്സല്യത്തിലും, കാരുണ്യത്തിലും മുസ്ലിംകളുടെ ഉപമ ഒരുശരീരത്തിന്റെ ഉപമയാണ്. ശരീരത്തിലെ ഒരു അവയവം രോഗബാധിതമായി വേവലാതിപ്പെടുമ്പോൾ മറ്റു ശരീരാവയവങ്ങൾ പനിപിടിച്ചും ഉറക്കമൊഴിഞ്ഞും രോഗബാധിതമായ അവയവത്തിനുവേണ്ടി പരസ്പരം വിറകൊള്ളും.'' (മുസ്ലിം) വീണ്ടും നബിﷺ പറഞ്ഞു: അബൂമൂസൽ അശ്അരി ﷛ വിൽനിന്നും നിവേദനം:

**﴿إِنَّ الْمُؤْمِنَ لِلْمُؤْمِنِ كَالْبُنْيَانِ يَشُدُّ بَعْضُهُ بَعْضا وَشَبَّكَ بَيْنَ أَصَابِعِهِ﴾**

``ഒരു സത്യവിശ്വാസി മറ്റൊരു സത്യവിശ്വാസിക്ക് പരസ്പരം ഭദ്രത നൽകുന്ന ഒരു എടുപ്പു പോലെയാ

ണ്.'' (ഇത് പറഞ്ഞശേഷം പ്രവാചകൻﷺ തന്റെ വിരലുകൾ കോർത്തു പിടിച്ചു) (ബുഖാരി)

## നാല് – മുസ്‌ലിംകളോടുള്ള ഗുണകാംക്ഷ യും, സ്നേഹവും

അനസ്رضي الله عنه വിൽനിന്നും നിവേദനം: നബിﷺപറഞ്ഞു:

﴿لاَ يُؤْمِنُ أَحَدُكُمْ حَتَى يحُِبَّ لأَخِيهِ مَا يحُِبُّ لِنَفْسِهِ﴾

''നിങ്ങളാരും വിശ്വാസികളാവുകയില്ല. താൻ തനിക്ക് ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനും ഇഷ്ടപ്പെടുന്നതുവരെ.'' (ബുഖാരി)

അബൂഹുറയ്റرضي الله عنهവിൽ നിന്നും നിവേദനം: നബിﷺ പറഞ്ഞു:

﴿لاَ تحَاسدُوا ، وَلاَ تَنَاجَشُوا ، وَلاَ تَبَاغَضُوا ، وَلاَ تَدَابَرُوا ، وَلاَ يَبِعْ بَعْضُكُمْ عَلَى بَيْعِ بَعْضٍ ، وَكُونُوا عِبَادَ الله إِخْوَانا. المُسْلِمُ أَخُو المُسْلِمِ ، لاَ يَظْلِمُهُ ، وَلاَ يخَذُلُهُ ، وَلاَ يحَقِرُهُ . التقْوى هَهُنَا ـ ويشير إلى صدره ثلاث مرّات ـ بِحَسْبِ امْرِئٍ مِنَ الشرِّ أَنْ يحَقِرَ أَخَاهُ المُسْلِمَ. كُلُّ المُسْلِمِ عَلَى المُسْلِمِ حَرَامٌ دَمُهُ وَمَالُهُ وَعِرْضهِ﴾

“നിങ്ങൾ പരസ്പരം അസൂയകാണിക്കരുത്. അന്യരെ പറ്റിക്കാൻ വിലകയറ്റിപ്പറയരുത്, നിങ്ങൾ പരസ്പരം വിദ്വേഷം വെച്ചുപുലർത്തരുത്, പരസ്പരം മുഖം തിരിക്കരുത്, ചിലർ കച്ചവടം ചെയ്തതിനെ മറികടന്ന് കച്ചവടം ചെയ്യരുത്, അല്ലാഹുവിന്റെ അടിയാറുകളേ, നിങ്ങൾ പരസ്പരം സഹോദരങ്ങളാവുക. ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന്റെ സഹോദരനാണ്. അവൻ തന്റെ സഹോദരനെ അക്രമിക്കുകയോ അധിക്ഷിപ്തനാക്കുകയോ നിന്ദിക്കുകയോ ഇല്ല. തക്വ ഇവിടെയാണ് പ്രവാചകൻﷺ മൂന്നുതവണ തന്റെ നെഞ്ചിലേക്ക് വിരൽചൂണ്ടി സ്വന്തം സഹോദരനായ മുസ്ലിമിനെ നിന്ദിക്കുക എന്നത് തന്നെ മതി, ഒരു മനുഷ്യന് തിന്മയായി. ഒരു മുസ്ലിമിന്റെ രക്തം, സമ്പത്ത്, അഭിമാനം എന്നിവയെല്ലാം മറ്റൊരു മുസ്ലിമിന് നിഷിദ്ധമാണ്. ” (മുസ്ലിം)

## അഞ്ച് – അവരെ ആദരിക്കൽ, ബഹുമാനിക്കൽ, കുറവാക്കാതിരിക്കൽ, ആക്ഷേപിക്കാതിരിക്കൽ.

അല്ലാഹു سبحانه وتعالى പറഞ്ഞു;

يَا أَيُّهَا الَّذِينَ آمَنُوا لَا يَسْخَرْ قَومٌ مِّن قَوْمٍ عَسَى أَن يَكُونُوا خَيْرًا مِّنْهُمْ وَلَا نِسَاء مِّن نِّسَاء عَسَى أَن يَكُنَّ خَيْرًا مِّنْهُنَّ وَلَا تَلْمِزُوا أَنفُسَكُمْ وَلَا تَنَابَزُوا بِالْأَلْقَابِ بِئْسَ الِاسْمُ الْفُسُوقُ بَعْدَ الْإِيمَانِ وَمَن لَّمْ يَتُبْ فَأُوْلَئِكَ هُمُ الظَّالِمُونَ ۞ يَا أَيُّهَا الَّذِينَ آمَنُوا اجْتَنِبُوا كَثِيرًا مِّنَ الظَّنِّ إِنَّ بَعْضَ الظَّنِّ إِثْمٌ وَلَا تَجَسَّسُوا وَلَا يَغْتَب بَّعْضُكُم بَعْضًا أَيُحِبُّ أَحَدُكُمْ أَن يَأْكُلَ لَحْمَ أَخِيهِ مَيْتًا فَكَرِهْتُمُوهُ وَاتَّقُوا اللَّهَ إِنَّ اللَّهَ تَوَّابٌ رَّحِيمٌ

“സത്യവിശ്വാസികളേ, ഒരു ജനവിഭാഗവും മറ്റൊരു ജനവിഭാഗത്തെ പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്നവർ) അവരേക്കാൾ നല്ലവരായിരുന്നേക്കാം. ഒരുവിഭാഗം സ്ത്രീകൾ മറ്റൊരു വിഭാഗം സ്ത്രീകളേയും പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്ന സ്ത്രീകൾ) മറ്റവരേക്കാൾ നല്ലവരായിരുന്നേക്കാം. നിങ്ങൾ അന്യോന്യം കുത്തുവാക്കുകൾ പറയരുത്. നിങ്ങൾ പരിഹാസപ്പേരുകൾ വിളിച്ച് പരസ്പരം അപമാനിക്കുകയും അരുത്. സത്യവിശ്വാസം കൈകൊണ്ടതിനുശേഷം അധാർമ്മികമായ പേര് (വിളിക്കുന്നത്) എത്ര ചീത്ത. വല്ലവനും പശ്ചാതപിക്കാത്ത പക്ഷം അത്തരക്കാർ തന്നെയാകുന്നു അക്രമികൾ. സത്യവിശ്വാസികളേ ഊഹത്തിൽനിന്ന്

മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായയും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും ചെയ്യരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ച് പറയുകയും അരുത്. തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണ് ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായയും അല്ലാഹു പശ്ചാതാപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു.**"** (സൂറ: ഹുജുറാത്ത് 11,12)

## ആറ്- ക്ഷാമകാലത്തും ക്ഷേമകാലത്തും പ്രയാസത്തിലും എളുപ്പത്തിലും മുസ്‌ലിംകളോടൊപ്പം നിൽക്കൽ.

സത്യവിശ്വാസികൾ സഹോദരങ്ങൾക്കൊപ്പം അവരുടെ ഏതൊരു അവസ്ഥയിലും നിലകൊള്ളണം. കപടവിശ്വാസികളെപ്പോലെ വർത്തിക്കരുത്. കപടന്മാരാവട്ടെ, ക്ഷേമകാലങ്ങളിൽ വിശ്വാസികൾക്കൊപ്പം നിൽക്കുകയും ക്ഷാമകാലങ്ങളിലും പ്രയാസത്തിന്റെ നാളുകളിലും വിശ്വാസികളെ കയ്യൊഴിയുകയുംചെയ്യും. അല്ലാഹു ﷻ പറഞ്ഞു:

الَّذِينَ يَتَرَبَّصُونَ بِكُمْ فَإِن كَانَ لَكُمْ فَتْحٌ مِّنَ اللّهِ قَالُواْ أَلَمْ نَكُن مَّعَكُمْ وَإِن كَانَ لِلْكَافِرِينَ نَصِيبٌ قَالُواْ أَلَمْ نَسْتَحْوِذْ عَلَيْكُمْ وَنَمْنَعْكُم مِّنَ الْمُؤْمِنِينَ فَاللّهُ يَحْكُمُ بَيْنَكُمْ يَوْمَ الْقِيَامَةِ وَلَن يَجْعَلَ اللّهُ لِلْكَافِرِينَ عَلَى الْمُؤْمِنِينَ سَبِيلاً

“നിങ്ങളുടെ സ്ഥിതിഗതികൾ ഉറ്റു നോക്കിക്കൊണ്ടിരിക്കുന്നവരത്രെ അവർ (കപടവിശ്വാസികൾ) നിങ്ങൾക്ക് അല്ലാഹുവിങ്കൽനിന്ന് ഒരു വിജയം കൈ വന്നാൽ അവർ പറയും; ഞങ്ങൾ നിങ്ങളുടെ കൂടെയായിരുന്നില്ലേ എന്ന്. ഇനി അവിശ്വാസികൾക്കാണ് നേട്ടമുണ്ടായതെങ്കിൽ അവർ പറയും; നിങ്ങളുടെ മേൽ ഞങ്ങൾ വിജയസാധ്യത നേടിയിട്ടും വിശ്വാസികളിൽ നിന്ന് നിങ്ങളെ ഞങ്ങൾ രക്ഷിച്ചില്ലേ എന്ന്. എന്നാൽ ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ നിങ്ങൾക്കിടയിൽ അല്ലാഹു വിധികൽപ്പിക്കുന്നതാണ്. വിശ്വാസികൾ ക്കെതിരിൽ അല്ലാഹു ഒരിക്കലും സത്യനിഷേധികൾക്ക് വഴി തുറന്നു കൊടുക്കുന്നതല്ല.” (സൂറ; അന്നിസാഅ് 141)

## ഏഴ് – സന്ദർശനങ്ങളും കൂടിക്കാഴ്ചകളും

ഒരു ക്വുദ്സിയ്യായ ഹദീഥിൽ അല്ലാഹു ﷻ പറഞ്ഞതായി നബി ﷺ പറയുന്നു:

## ﴿وَجَبَتْ مَحَبَّتِي لِلْمُتَزَاوِرِينَ فِيَّ﴾

"എന്റെ മാർഗ്ഗത്തിൽ പരസ്പരം സന്ദർശിക്കുന്നവർക്ക് എന്റെ സ്നേഹം നിർബന്ധമായിരിക്കുന്നു." (മുആദ് ഇബ്നു ജബൽﷺവിൽ നിന്നും ഇമാം അഹ്മദ് നിവേദനം ചെയ്തത്)

അബൂഹുറയ്റﷺവിൽ നിന്നും നിവേദനം: നബിﷺ പറഞ്ഞു:

**﴿أَنَّ رَجُلاً زَارَ أَخًا لَهُ فِي الله فَأَرْصَدَهُ اللهُ عَلَى مَدْرَجَتِهِ مَلَكًا ـ فَسَأَلَهُ أَيْنَ تُرِيدُ ؟ قَالَ : أَزُورُ أَخًا لِي فِي الله ، قُلْ : هَلْ لَكَ مِنْ نِعْمَةٍ تَرُبُّهَا عليهِ ، قَالَ: لاَ غَيْرَ أَنِّي أَحْبَبْتُهُ فِي اللهِ، قَالَ : فَإِنِّي رَسُولُ الله إِلَيْكَ بِأَنَّ اللهَ قَدْ أَحَبَّكَ كَمَا أَحْبَبْتَهُ فِيهِ﴾**

"ഒരാൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തനിക്കുള്ള ഒരു (ആ ദർശ) സഹോദരനെ സന്ദർശിക്കാൻ പുറപ്പെട്ടു. അപ്പോൾ അല്ലാഹു അയാളുടെ വഴിയെ ഒരു മലക്കിനെ നിരീക്ഷിക്കാനായി നിയോഗിച്ചു. മലക്ക് അയാളോട് ചോദിച്ചു. താങ്കൾ എവിടേക്കാണ് ഉദ്ദേശി ക്കുന്നത്? അയാൾ പറഞ്ഞു; ഒരു ആദർശ സഹോ ദരനെ സന്ദർശിക്കാൻ. മലക്ക് ചോദിച്ചു; താങ്കൾക്ക് ഉപകാരം ലഭിക്കുന്ന വല്ല അനുഗ്രഹവും താങ്കൾക്കായി

അയാളുടെ പക്കലുണ്ടോ? സന്ദർശകൻ പറഞ്ഞു; ഇല്ല എന്നിരുന്നാലും ഞാൻ അയാളെ അല്ലാഹുവിന്റെ പ്രീതിക്കായി സന്ദർശിക്കുന്നു. മലക്ക് പറഞ്ഞു; എങ്കിൽ ഞാൻ താങ്കളിലേക്കുള്ള അല്ലാഹുവിന്റെ മലക്കാകുന്നു. അല്ലാഹു താങ്കളെ ഇഷ്ടപ്പെട്ടിരിക്കുന്നു. താങ്കൾ അയാളെ ഇഷ്ടപ്പെട്ടതുപോലെ'' (മുസ്‌ലിം)

## എട്ട്– അവകാശങ്ങളെ ആദരിക്കൽ

സഹോദരൻ കച്ചവടം ചെയ്തതിനെ മറികടന്ന് കച്ച വടം ചെയ്യാതിരിക്കുക. വില പറഞ്ഞതി നെ മറികടന്ന് വിലപറയാതിരിക്കുക. വിവാഹാന്വേ ഷണത്തെ മറികടന്ന് വിവാഹമന്വേഷിക്കാതിരിക്കുക. അനുവദനീയമായ എതൊരു കാര്യത്തിലേക്കും സഹോ ദരൻ മുന്നിട്ടിട്ടുണ്ട് എങ്കിൽ അയാളുടെ അവകാശം തട്ടിയെടുക്കുവാൻ തുനിയാതിരിക്കുക.

അബൂഹുറയ്റ ﵁ വിൽ നിന്നും നിവേദനം: നബി ﷺ പറഞ്ഞു:

﴿ أَلاَ لاَ يَبِعِ الرَّجُلُ عَلَى بَيْعِ أَخِيهِ وَلاَ يَخْطُبْ عَلَى خِطْبَتِهِ ﴾
وفي رواية ﴿وَلاَ يَسمْ عَلَى سَوْمِهِ﴾

''അറിയുക, നിങ്ങളിലാരും സ്വന്തം സഹോദരന്റെ കച്ചവടത്തെ മറികടന്ന് കച്ചവടം ചെയ്യരുത്. അയാളുടെ

വിവാഹാ ന്വേഷണത്തെ മറികടന്ന് വിവാഹം അന്വേഷി ക്കരുത്.'' മറ്റൊരു റിപ്പോർട്ടിൽ: ''അയാളുടെ വില പറച്ചിലിനെ മറികടന്ന് വിലപറയരുത്'' എന്നു കൂടിയുണ്ട്. (ബുഖാരി)

## ഒമ്പത് – ദുർബലരോടുള്ള ആർദ്രത

ഇബ്നുഅബ്ബാസ്ﷺവിൽ നിന്നും നിവേദനം: നബിﷺ പറഞ്ഞു:

﴿لَيْسَ مِنَّا مَنْ لَمْ يُوَقِّرْ كَبِيرَنَا وَيَرْحَمْ صَغِيرَنَا﴾

''നമ്മിലെ വലിയവരെ ആദരിക്കാത്തവനും ചെറിയവ രോട് കരുണകാണിക്കാത്തവനും നമ്മിൽ പെട്ടവനല്ല.''

സഅദ്ﷺവിൽനിന്നും നിവേദനം: നബിﷺപറഞ്ഞു:

﴿هَلْ تُنْصَرُونَ وَتُرْزَقُونَ إِلاَّ بِضُعَفَائِكُمْ﴾

''നിങ്ങളിലെ ദുർബലരെക്കൊണ്ടു മാത്രമാണ് നിങ്ങൾക്ക് ഉപജീവനവും സഹായവും ലഭിക്കപ്പെടു ന്നത്.'' (ബുഖാരി)

അല്ലാഹുﷻ പറയുന്നു:

وَاصْبِرْ نَفْسَكَ مَعَ الَّذِينَ يَدْعُونَ رَبَّهُم بِالْغَدَاةِ وَالْعَشِيِّ يُرِيدُونَ وَجْهَهُ
وَلَا تَعْدُ عَيْنَاكَ عَنْهُمْ تُرِيدُ زِينَةَ الْحَيَاةِ الدُّنْيَا

“നിങ്ങളുടെ രക്ഷിതാവിന്റെ മുഖം ലക്ഷ്യമാക്കിക്കൊണ്ട് കാലത്തും വൈകുന്നേരവും അവനോട് പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നവരുടെകൂടെ നീ നിന്റെ മനസ്സിനെ അടക്കി നിർത്തുക. ഇഹലോക ജീവിതത്തിന്റെ അലങ്കാരം ലക്ഷ്യമാക്കിക്കൊണ്ട് നിന്റെ കണ്ണുകൾ അവരെ വിട്ട് മാറിപ്പോകാതിരിക്കട്ടെ.” (സൂറ: കഹ്ഫ് 28)

## പത്ത് – പ്രാർത്ഥനയും പാപമോചനത്തിനായുള്ള തേട്ടവും

ഒരു സത്യവിശ്വാസി തന്റെ സഹോദരനു വേണ്ടി അല്ലാഹുവോട് പ്രാർത്ഥിക്കുകയും അവന് പാപമോചനത്തിന് തേടുകയും വേണം.

അല്ലാഹു ﷻ പറയുന്നു:

فَاعْلَمْ أَنَّهُ لَا إِلَهَ إِلَّا اللَّهُ وَاسْتَغْفِرْ لِذَنبِكَ وَلِلْمُؤْمِنِينَ وَالْمُؤْمِنَاتِ وَاللَّهُ
يَعْلَمُ مُتَقَلَّبَكُمْ وَمَثْوَاكُمْ

“നിന്റെ പാപത്തിന് നീ പാപമോചനം തേടുക. സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും വേണ്ടിയും (പാപമോ ചനം തേടുക)” (സൂറ: മുഹമ്മദ് 19)

رَبَّنَا اغْفِرْ لَنَا وَلِإِخْوَانِنَا الَّذِينَ سَبَقُونَا بِالْإِيمَانِ

“ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും സത്യവിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീപൊറുത്തു തരേണമേ” (സൂറ: അൽ ഹശ്റ്. 10)

# അറിയിപ്പ്

അല്ലാഹുﷻ പറയുന്നു:

لَا يَنْهَاكُمُ اللَّهُ عَنِ الَّذِينَ لَمْ يُقَاتِلُوكُمْ فِي الدِّينِ وَلَمْ يُخْرِجُوكُم مِّن دِيَارِكُمْ أَن تَبَرُّوهُمْ وَتُقْسِطُوا إِلَيْهِمْ إِنَّ اللَّهَ يُحِبُّ الْمُقْسِطِينَ

“മതകാര്യങ്ങളിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നന്മ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ”

(സൂറ: മുംതഹിന 8)

അഥവാ അവിശ്വാസികൾ മുസ്ലിംകളെ ഉപദ്രവിക്കാതിരിക്കുകയും മുസ്ലിംകളോട് യുദ്ധം ചെയ്യാതിരിക്കുകയും അവരുടെ വീടുകളിൽനിന്ന് പുറത്താക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ മുസ്ലിം കൾ അവർക്ക് പ്രത്യുപകാരം ചെയ്യേണ്ടതുണ്ട്. അവരോട് ഹൃദയം നിറഞ്ഞ സ്നേഹം ഇല്ലെങ്കിലും നന്മകൾ ചെയ്യേണ്ടതുണ്ട്. നീതിയോട് കൂടി വർത്തി ക്കേണ്ടതുണ്ട്. കാരണം അല്ലാഹു ﷻ പറയുന്നത് :

أَنْ تَبَرُّوهُمْ وَتُقْسِطُوا إِلَيْهِمْ

“നിങ്ങളവർക്ക് നന്മചെയ്യുന്നതും നിങ്ങളവരോട് നീതി കാണി ക്കുന്നതും. ” എന്നാണ്.

അവിശ്വാസികളായ മാതാപിതാക്കൾക്കും ഈ നന്മയും നീതിയും വിശ്വാസികൾ നൽകേണ്ടതുണ്ട്. അല്ലാഹു ﷻ പറയുന്നു:

وَإِن جَاهَدَاكَ عَلى أَن تُشْرِكَ بِي مَا لَيْسَ لَكَ بِهِ عِلْمٌ فَلَا تُطِعْهُمَا وَصَاحِبْهُمَا فِي الدُّنْيَا مَعْرُوفًا وَاتَّبِعْ سَبِيلَ مَنْ أَنَابَ إِلَيَّ

“നിനക്ക് യാതൊരറിവുമില്ലാത്ത വല്ലതിനേയും എന്നോ ട് നീ പങ്ക്ചേർക്കുന്ന കാര്യത്തിൽ അവർ ഇരുവരും നിന്റെ മേൽ നിർബന്ധം ചെലുത്തുന്നപക്ഷം അവരെ നീ അനുസരിക്കരുത്. ഇഹലോകത്ത് അവരോട് നീ നല്ലനിലയിൽ സഹവസിക്കുകയും, എന്നിലേക്ക് മട

ങ്ങിയവരുടെ മാർഗം നീ പിന്തുടരുകയും ചെയ്യുക." (സൂറ: ലുക്മാൻ.15)

അസ്മാഅ്ﷺയുടെ ഉമ്മ അവിശ്വാസിനിയായിരിക്കെ അവരോട് ബന്ധംചേർക്കാൻ വന്നു. അസ്മാഅ്ﷺ തൽ വിഷയ ത്തിൽ നബിﷺയോട് അനുവാദം ചോദിച്ചു. അപ്പോൾ പ്രവാചകൻﷺ പറഞ്ഞു: "നിങ്ങൾ ഉമ്മയോട് ബന്ധം ചേർക്കുക" (ബുഖാരി) അല്ലാഹുﷻ പറഞ്ഞി രിക്കുന്നു:

لَا تَجِدُ قَوْمًا يُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ يُوَادُّونَ مَنْ حَادَّ اللَّهَ وَرَسُولَهُ وَلَوْ كَانُوا آبَاءَهُمْ أَوْ أَبْنَاءَهُمْ

"അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത അല്ലാഹുവോടും അവന്റെ റസൂലിനോടും എതിർത്തുനിൽക്കുന്നവരുമായി സ്നേഹബന്ധം പുലർ ത്തുന്നത് നീ കണ്ടെത്തുകയില്ല. അവർ (എതിർപ്പുകാർ) അവരുടെ പിതാക്കന്മാരോപുത്രന്മാരോ ആയിരുന്നാൽ പോലും" (സൂറ: മുജാദില 22)

അപ്പോൾ ഭൗതികമായ ബന്ധംചാർത്തലും പ്രത്യുപകാരം ചെയ്യലും ഒരു വിഷയവും, സ്നേഹം വെച്ചുപുലർത്തൽ മറ്റൊരു വിഷയവുമാണ്.

നല്ല ബന്ധം വെച്ചുപുലർത്തലും പ്രത്യുപകാരം ചെയ്യലും ഒരു അവിശ്വാസിയിൽ ഇസ്ലാമിനെക്കുറിച്ച് താൽപര്യം ജനിപ്പിക്കും. അഥവാ അവ പ്രബോധന മാർഗ്ഗങ്ങളാണ്. എന്നാൽ ഒരു അവിശ്വാസി പേറിനടക്കുന്നവ (വിശ്വാസാചാര ജാഡകൾ) നമ്മളും അംഗീകരിക്കലാണ് മുവാലാത്തിലൂടെയും സ്നേഹബന്ധത്തിലൂടെയും ഉണ്ടായിത്തീരുന്നത്. അതാകട്ടെ അവനെ ഇസ്ലാമിലേക്ക് ക്ഷണിക്കാതിരിക്കുവാൻ കാരണീഭവിക്കുകയും ചെയ്യും.

അവിശ്വാസികളോട് മൈത്രീബന്ധം പാടില്ലായെന്നത് ഒരിക്കലും അവരുമായുള്ള ഇടപാടുകൾ നിഷിദ്ധമാണെന്ന് അർത്ഥമാക്കുന്നില്ല. അനുവദനീയമായ കച്ചവടങ്ങൾ, ഉപകാരപ്രദമായ ചരക്കുകളുടേയും ഉൽപ്പന്നങ്ങളുടേയും ഇറക്കുമതി, അവരുടെ കണ്ടുപിടുത്തങ്ങളിലും പരീക്ഷണ നിരീക്ഷണങ്ങളിലും ഉപകാരമുള്ളത് സ്വീകരിക്കൽ തുടങ്ങിയവയെല്ലാം അവരുമായി നമുക്ക് അനുവദനീയമാണ്.

നബിﷺ തന്റെ ഹിജ്റവേളയിൽ അവിശ്വാസിയായ ഇബ്നു ഉറൈഖിത് അൽലയ്ഥിയെ തനിക്ക് വഴി കാണിച്ചു തരുവാൻ കൂലിക്ക് വിളിച്ചു. ചില യഹൂദികളിൽനിന്ന് പ്രവാചകൻﷺ കടമായി വാങ്ങുകയും ചെയ്തിട്ടുണ്ട്. മുസ്ലിംകളാവട്ടെ വൈദേശിക നിർമ്മിതികളായ ഉൽപ്പന്നങ്ങളും ചരക്കുക ളും ഇന്നും

ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നു. നാം പണമടച്ച് അവരോട് ഇടപാട് നടത്തുകയാണ്. ഇതിനർത്ഥം അവർക്കാണ് തൽവിഷയത്തിൽ നമ്മേക്കാൾ ശ്രേഷ്ഠത യും അനുഗ്രഹവും എന്നല്ല. ഇതെല്ലാം ശത്രുക്കളായ സത്യനിഷേധികളോട് ഉറ്റസ്നേഹബന്ധം വെച്ചു പുലർ ത്തു വാൻ കാരണമീ ഭവിക്കരുത്. കാരണം അല്ലാഹു ﷻ വിശ്വാസികളോട് മൈത്രിയിൽ കഴിയുവാനും ശത്രുക്കളായ സത്യനിഷേധികളോട് ശത്രുത വെച്ചു പുലർത്തുവാനുമാണ് കൽപ്പിച്ചിരിക്കുന്നത്. അല്ലാഹു ﷻ പറയുന്നു:

إِنَّ الَّذِينَ آمَنُواْ وَهَاجَرُواْ وَجَاهَدُواْ بِأَمْوَالِهِمْ وَأَنفُسِهِمْ فِي سَبِيلِ اللّهِ وَالَّذِينَ آوَواْ وَّنَصَرُواْ أُوْلَـئِكَ بَعْضُهُمْ أَوْلِيَاء بَعْضٍ

"തീർച്ചയായും വിശ്വസിക്കുകയും, സ്വദേശം വെടിഞ്ഞു പോകുകയും തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളുംകൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരത്തിലേർപ്പെടുകയും ചെയ്തവരും, അവർക്ക് അഭയം നൽകുകയും സഹായിക്കുകയും ചെയ്തവരും അന്യോന്യം ഉറ്റമിത്രങ്ങളാകുന്നു."

(സൂറ: അൻ ഫാൽ 72)

وَالَّذينَ كَفَرُواْ بَعْضُهُمْ أَوْلِيَاء بَعْضٍ إِلاَّ تَفْعَلُوهُ تَكُن فِتْنَةٌ فِي الأَرْضِ وَفَسَادٌ كَبِيرٌ

"സത്യനിഷേധികൾ അന്യോന്യം മിത്രങ്ങളാകുന്നു. ഇത് (ഈ നിർദ്ദേശങ്ങൾ) നിങ്ങൾ പ്രാവർത്തിക

മാക്കിയിട്ടില്ലെങ്കിൽ നാട്ടിൽ കുഴപ്പവും വലിയ നാശവും ഉണ്ടായിത്തീരുന്നതാണ്.'' (സൂറ: അൻഫാൽ 73)

ഇമാം ഹാഫിദ് ഇബ്നു കസീർﷺ പറയുന്നു: പ്രസ്തുത വചനത്തിലെ,

إِلَّا تَفْعَلُوهُ تَكُنْ فِتْنَةٌ فِي الْأَرْضِ وَفَسَادٌ عَرِيضٌ

"..നിങ്ങൾ അത് പ്രാവർത്തികമാക്കിയിട്ടില്ലെങ്കിൽ നാട്ടിൽ കുഴപ്പവും വലിയ നാശവും ഉണ്ടായിത്തീരുന്നതാണ്.'' എന്ന ഭാഗം അർത്ഥമാക്കുന്നത് വിശദീകരിച്ചുകൊണ്ട് പറഞ്ഞു: നിങ്ങൾ ബഹുദൈവവിശ്വാസികളെ വിട്ടുനിൽക്കുകയും വിശ്വാസികളോട് മൈത്രി വെച്ചുപുലർത്തുകയും ചെയ്തില്ലായെങ്കിൽ ജനങ്ങളിൽ 'ഫിത്ന' സംഭവിക്കും. അഥവാ വിഷയങ്ങൾ ആശയക്കുഴപ്പത്തിലാകും, സത്യവിശ്വാസികൾ അവിശ്വാസികളോട് കൂടിക്കലരും. അതോടെ ജനങ്ങളിൽ ദൂരവ്യാപകമായ കുഴപ്പം സംഭവിക്കുകയും ചെയ്യും.''

ഇതാണ് ഈ കാലഘട്ടത്തിലും സംഭവിച്ചത്. അല്ലാഹുവേ നിന്നിലഭയം......

## ‘വലാഉും’, ‘ബറാഉം’, ജനങ്ങളും

**‘വലാഅ്’ന്റേയും ‘ബറാഅ്’ന്റേയും വിഷയത്തിൽ ജനങ്ങൾ മൂന്നുതരക്കാരാണ്.**

### ഒന്ന് – നിഷ്കപടമായ സ്നേഹം അനിവാര്യമാക്കുന്നവർ

നബിമാർ, സ്വിദ്ദീക്വീങ്ങൾ, ശുഹദാക്കൾ, സ്വാലിഹീങ്ങൾ എന്നിവരാണവർ. അല്ലാഹുവിന്റെ റസൂൽﷺ അവരുടെ മുൻ നിരയിലാണ്. അദ്ദേഹത്തോടുള്ള സ്നേഹം സ്വന്തത്തോടും മക്കളോടും മാതാപിതാക്കളോടും മുഴുജനങ്ങളോടുമുള്ള സ്നേഹത്തേക്കാൾ ആദരവുറ്റതാണ്. പിന്നീട് അവിടുത്തെ ഭാര്യ മാരായ ഉമ്മഹാത്തുൽ മുഅ്മിനീൻ, നബി കുടുംബം, ആദരണീയരായ സ്വഹാബികൾ. (ഖുലഫാഉർ റാശിദീങ്ങൾ, സ്വർഗ്ഗം കൊണ്ട് സുവിശേഷ മറിയിക്കപ്പെട്ട പത്തുപേർ, മുഹാജിറുകൾ, അൻസ്വാരികൾ, ബദ്രീങ്ങൾ, ബൈഅത്തു രിദ്വാനിൽ പങ്കെടുത്തവർ പിന്നീട് ഇതരസ്വഹാബികൾ رضي الله عنهم എന്നീ ക്രമമാണ് സ്വഹാബികൾക്കുള്ളത്.) പിന്നീട് താബിഉകൾ, ഉത്തമ തലമുറക്കാർ, ഈ ഉമ്മത്തിലെ സച്ചരിതരായ പൂർവ്വികർ, നാല് മദ്ഹബിന്റെയും ഇമാമു

മാരെപ്പോലുള്ള പണ്ഡിതശ്രേഷ്ഠർ. അല്ലാഹു ﷻ പറയുന്നു:

وَالَّذِينَ جَاؤُوا مِن بَعْدِهِمْ يَقُولُونَ رَبَّنَا اغْفِرْ لَنَا وَلِإِخْوَانِنَا الَّذِينَ سَبَقُونَا بِالْإِيمَانِ وَلَا تَجْعَلْ فِي قُلُوبِنَا غِلًّا لِّلَّذِينَ آمَنُوا رَبَّنَا إِنَّكَ رَؤُوفٌ رَّحِيمٌ

**“**അവരുടെ ശേഷം വന്നവർക്കും. അവർ പറയും ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും സത്യവിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ. സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു**”** (സൂറ:ഹശ്റ് 10 )

സ്വഹാബികളോടും സലഫുകളോടും, അണുമണിത്തൂ ക്കം ഈമാനുള്ളവർ ഹൃദയത്തിൽ വിദ്വേഷം പേറിനടക്കില്ല. അവരോട് വിദ്വേഷവും പകയും വെച്ചുനടക്കുന്നവർ റാഫിദ്വികളെപ്പോലുള്ള,[1]

[1] **റവാഫിദ്: ശിയാവിഭാഗത്തിലെ ഒരു പ്രധാനകക്ഷിയാണ് റവാഫിദ്. പ്രവാചകൻ ﷺ ക്കുശേഷം "ഇമാമത്" നബികുടുംബത്തിന് മാത്രം അർഹമാണെന്നും അബൂബകറും, ഉമറും, ഉഥ്മാനും رضي الله عنهم ഉൾപ്പെടെ മറ്റാർക്കും അത് അർഹമല്ലെന്നും ജൽപിക്കുന്നവരാണവർ. പ്രസ്തുത "ഇമാമത്" ദീനിൻെറ ഒരു സ്തംഭമായി നബി ﷺ പഠിപ്പിച്ച**

ഖവാരിജുകളെപ്പോലുള്ള[2] കപടരും വഴി തെറ്റിയവരും ഇസ്‌ലാമിന്റെ ശത്രുക്കളും മാത്രമാണ്. അല്ലാഹുവേ നിന്റെ കാവൽ...

## രണ്ട് – വിരോധവും വിദ്വേഷവും അനിവാര്യമാക്കുന്നവർ

അവിശ്വാസികൾ, ബഹുദൈവവിശ്വാസികൾ, കപടവി ശ്വാസികൾ, മതപരിത്യാഗികൾ, നിരീശ്വര വാദികൾ, തുടങ്ങിയ വിവിധ വർഗ്ഗങ്ങളോട് തികഞ്ഞ

---

താണെന്നും നബിമാരെപ്പോലെ ശിയാഇമാമുകളും മഅ്സൂമുകൾ (പാപസുരക്ഷിതർ) ആണെന്നും അവർ വിശ്വസിക്കുന്നു. ഏതാനും സ്വഹാബികളൊഴിച്ച് ബാക്കിയുള്ളവരെല്ലാം ദീനിൽനിന്ന് പുറത്തു പോയി എന്ന വാദമാണ് സ്വഹാബികളെ കുറിച്ച് അവർ വിശ്വസി ക്കുന്നതിൽ ഗൗരവമേറിയത്.

[2] ഖവാരിജ്: മുസ്‌ലിംകൾ ബൈഅത്ത് ചെയ്ത് അംഗീകരിച്ച ഭരണാധികാരികൾക്കെതിരിൽ വിപ്ളവംനയിക്കുകയും അനുസര ണപ്രതിജ്ഞ പിൻവലിക്കുകയും ചെയ്യുന്നവരെല്ലാം ഖവാരി ജുക ളാണ്. വൻപാപം ചെയ്തവരെല്ലാം കാഫിറാണ് എന്ന തത്വം സ്വ യംപടച്ച് സ്വഹാബികളിൽ വലിയ ഒരുവിഭാഗത്തെ ഖവാരിജുകൾ കാഫിറുകളാക്കി. ഇസ്‌ലാമിൽ ആദ്യമായി രൂപംകൊണ്ട കക്ഷി യാണ് ഖവാരിജ്. അവർ പല ഉപവിഭാഗങ്ങളാണ്. അലി‎ﷺ‎വിനും മറ്റുസ്വഹാബികൾ‎ﷺ‎ക്കുമെതിരിൽ വിപ്ളവം നയിക്കുകയും എതിരി ൽപുറപ്പെടുകയും ചെയ്ത വിഭാഗമാണ് അവർ. സ്വഹാബികൾ ക്കെതിരിൽ ഇവർ ഇറാഖിലെ "ഹറൂറാഅ്" എന്ന സ്ഥലത്ത് സംഗ മിച്ചതിനാൽ ഇവർക്ക് "ഹറൂറിയ്യ" എന്നും പേരുണ്ട്. ഒരാൾ വൻപാപം ചെയ്താൽ അയാൾ ദീനിൽ നിന്ന് പുറത്താണ് എന്നാ ണ് അവർ വാദിക്കുന്നത്. അതിനാൽ തന്നെ അവർ അലി‎ﷺ‎ അടക്കം മിക്ക സ്വഹാബികളേയും കാഫിറാക്കുകയുണ്ടായി.

വിദ്വേഷം വെച്ചുപുലർത്തേ ണ്ടതുണ്ട്. അല്ലാഹു ﷻ പറയുന്നു:

لَا تَجِدُ قَوْمًا يُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ يُوَادُّونَ مَنْ حَادَّ اللَّهَ وَرَسُولَهُ وَلَوْ كَانُوا آبَاءَهُمْ أَوْ أَبْنَاءَهُمْ أَوْ إِخْوَانَهُمْ أَوْ عَشِيرَتَهُمْ

“അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത അല്ലാഹുവോടും അവന്റെ റസൂലിനോടും എതിർത്തു നിൽ ക്കുന്നവരുമായി സ്നേഹബ ന്ധം പുലർത്തുന്നത് നീ കണ്ടെ ത്തുകയില്ല. അവർ (എതിർപ്പുകാർ) അവരുടെ പിതാക്കന്മാരോ പുത്രന്മാരോ സഹോദരന്മാരോ ബന്ധുക്കളോ ആയിരുന്നാൽ പോലും.” (സൂറ: മുജാദല 22)

ബനൂഇസ്റാഈൽ സന്തതികളെ അധിക്ഷേപിച്ചു കൊണ്ട് അല്ലാഹു ﷻ പറയുന്നു

تَرَى كَثِيرًا مِّنْهُمْ يَتَوَلَّوْنَ الَّذِينَ كَفَرُواْ لَبِئْسَ مَا قَدَّمَتْ لَهُمْ أَنفُسُهُمْ أَن سَخِطَ اللَّهُ عَلَيْهِمْ وَفِي الْعَذَابِ هُمْ خَالِدُونَ ۞ وَلَوْ كَانُوا يُؤْمِنُونَ بِاللَّه وَالنَّبِيِّ وَمَا أُنزِلَ إِلَيْهِ مَا اتَّخَذُوهُمْ أَوْلِيَاء وَلَـكِنَّ كَثِيرًا مِّنْهُمْ فَاسِقُونَ

“അവരിലധികംപേരും സത്യനിഷേധികളെ ഉറ്റമിത്ര ങ്ങളായി സ്വീകരിക്കുന്നത് നിനക്ക് കാണാം. സ്വന്തത്തി നുവേണ്ടി അവർ മുൻകൂട്ടി ഒരുക്കിവെച്ചിട്ടുള്ളത് വളരെ ചീത്ത തന്നെ. (അതായത്) അല്ലാഹു അവരുടെ നേരെ കോപിച്ചിരിക്കുന്നു എന്നത്. ശിക്ഷയിൽ അവർ നിത്യ

വാസികളായിരിക്കുന്നതു മാണ്. അവർ അല്ലാഹുവി ലും, പ്രവാചകനിലും, അദ്ദേഹത്തിന് അവതരിക്ക പ്പെട്ടതിലും വിശ്വസിച്ചിരുന്നുവെങ്കിൽ അവരെ (അവിശ്വാസികളെ) ഉറ്റമിത്രങ്ങളായി സ്വീകരിക്കു മായിരുന്നില്ല. പക്ഷേ അവരിൽ അധികപേരും ധിക്കാരി കളാകുന്നു.” (സൂറ: മാഇദ: 80,81)

## മൂന്ന് – ഒരു നിലക്ക് സ്നേഹവും മറ്റൊരു നിലക്ക് വിരോധവും അനിവാര്യമാക്കുന്നവർ

വിശ്വാസികളിൽപ്പെട്ട പാപികളത്രെ അവർ. വിശ്വാസമുള്ള തിനാൽ അവർ സ്നേഹിക്കപ്പെടണം. കുഫ്റിന്റേയും ശിർക്കിന്റേയും പരിധിയിലെത്താത്ത പാപം ചെയ്യുന്നതിനാൽ അവരോട് ദേഷ്യം വെച്ചുപുലർത്തുകയും വേണം. അവരോടുള്ള സ്നേഹം അവരെ ഗുണദോഷിക്കുക, എതിർക്കുക എന്നിവയാണ് താൽപര്യപ്പെടുന്നത്. അവരുടെ തെറ്റുകൾക്കുനേരെ മൗനം ദീക്ഷിക്കാവതല്ല. പ്രത്യുത അവരെ എതിർക്കുകയും നന്മ കൽപ്പിക്കപ്പെടുകയും തിന്മ വിരോധിക്കപ്പെടുകയും വേണം. ഇസ്‌ലാമിക ശിക്ഷാനടപടികളും ശിക്ഷണ നടപടികളും അവരിൽ നടപ്പാക്കണം. അവർ തെറ്റിൽ നിന്ന് വിരമിക്കുകയും തൗബ ചെയ്യുകയും ചെയ്യുന്നതുവരെ. അവരോട് തീർത്തും വിരോധവും വിരക്തിയും പാടുള്ളതല്ല. അത്തരം നടപടികൾ ഖവാരിജുകളുടേതാണ്. ഖവാരിജുകൾ പറയുന്നത് ശിർക്കിന് താഴെയുള്ള പാപങ്ങൾ ചെയ്തവരെല്ലാം കാഫിറാണ്, അതിനാൽ കാഫിറിനുള്ള വിധിയാണ് വൻപാപിക്കുമുള്ളത് എന്ന

വിശ്വാസമാണ് അവർക്കുള്ളത്. എന്നാൽ വെറും സ്നേഹവും നിഷ്കളങ്കമായ ആദരവും അവർക്കില്ല; മുർജിആക്കൾ പറയുന്നതുപോലെ. കാരണം മുർജിആക്ക[3] പാപം ചെയ്താലും വിശ്വാസിയാണെങ്കിൽ തെറ്റില്ലയെന്ന വാദക്കാരാണ്. രണ്ടിന്റേയും മദ്ധ്യത്തിലാണ് അഹ്‌ലുസ്സുന്ന ത്തിവൽജമാഅ:

അല്ലാഹുﷻയുടെ മാർഗ്ഗത്തിൽ സ്നേഹിക്കലും അതിന് വേണ്ടി വെറുക്കലും വിശ്വാസത്തിന്റെ ഇഴകളിൽ ഏറ്റവും ബല വത്തായ ഇഴയാണ്. ഒരു മനുഷ്യൻ താൻ സ്നേഹിക്കുന്ന വരോടൊപ്പമായി രിക്കും അന്ത്യനാളിൽ. അബ്ദുല്ലാഹ് ഇബ്നു മസ്ഊദ്رضي الله عنه വിൽ നിന്നും നബിﷺ പറഞ്ഞു:

﴿ الْمَرْءُ مَعَ مَنْ أَحَبَّ ﴾

[3] മുർജിഅഃ, ഇസ്‌ലാമിലേക്ക് ചേർക്കപ്പെടുന്ന മറ്റൊരു കക്ഷിയാണ് മുർജിഅഃ. ഈമാനി(വിശ്വാസം)ൻെറ നിർവചനം, നാവുകൊണ്ട് മൊഴിയുക, ഹൃദയം കൊണ്ട് സത്യപ്പെടുത്തുക എന്നതിൽ അവർ പരിമിതപ്പെടുത്തുകയും കർമ്മങ്ങൾകൊണ്ട് വിശ്വാസത്തെ ശക്തിപ്പെടുത്തേണ്ട ഭാഗം ഒഴിവാക്കുകയും ചെയ്തു. ഒരാൾ ക്വൽബുകൊണ്ട് വിശ്വാസിയായാൽ പിന്നെ എന്തെല്ലാം തെറ്റായ പ്രവൃത്തി ചെയ്താലും കുറ്റമില്ല എന്ന അപകടകരമായ ധാരണയാണ് അവർ സമൂഹത്തിൽ വളർത്തിയത്. കർമ്മങ്ങളുടെ ഏറ്റക്കുറച്ചിലുകൾക്കനുസരിച്ച് ഈമാനിനും ഏറ്റക്കുറവുണ്ടാകുമെന്ന അഹ്‌ലുസുന്നഃയുടെ വിശ്വാസം അവർ കാറ്റിൽ പറത്തി.

“ഒരു മനുഷ്യൻ താൻ സ്നേഹിക്കുന്നവരോടൊപ്പമായിരിക്കും” (ബുഖാരി)

ഇന്ന് അവസ്ഥകൾ മാറിയിരിക്കുന്നു. മിക്ക ജനങ്ങളുടേയും സ്നേഹവും വെറുപ്പും ദുൻയാവിന് വേണ്ടിയായിരിക്കുന്നു. ഒരാളുടെയടുക്കൽ ദുൻയാവിലെ വിഭവങ്ങളുണ്ടോ അയാളോട് സ്നേഹം വെച്ചുപുലർത്തുന്നു. അയാൾ അല്ലാഹു ﷻയുടേയും റസൂൽﷺയുടേയും മതത്തിന്റേയും ശത്രുവായാലും ശരി.

മറ്റൊരാൾ അയാൾക്ക് വിഭവങ്ങളൊന്നും ഇല്ലാത്ത സാധുവാണെങ്കിൽ അയാളോട് ദുൻയവിയായ വിരോധവും അകൽച്ചയും മനുഷ്യൻ വെച്ചുപുലർത്തുന്നു. അയാൾ അല്ലാഹുﷻയുടേയും റസൂൽﷺയുടേയും വലിയ്യാണെങ്കിലും ശരി. ഒരു നേരിയ കാരണം കണ്ടാൽ അയാളെ പ്രയാസപ്പെടുത്തുകയും നിന്ദിക്കുകയും ചെയ്യും

ഇബ്നു അബ്ബാസ്ؓ പറയുന്നു:

﴿مَنْ أَحَبَّ فِي اللهِ ، وَأَبْغَضَ فِي اللهِ ، وَوَالَى فِي اللهِ ، وَعَادَى فِي اللهِ ، فَإِنَّمَا تُنَالُ ولاَيَةُ اللهِ بِذَلِكَ ، وَقَدْ صَارَتْ عَامتْ مُؤَاخَاةُ النَّاسِ عَلَى أَمْرِ الدُّنْيَا وَذَلِكَ لاَ يُجْدِي عَلَى أَهْلِهِ شَيْئاً ﴾

“ഒരാൾ അല്ലാഹുവിനു വേണ്ടി സ്നേഹിച്ചു, അല്ലാഹുവിനു വേണ്ടി വെറുത്തു, അല്ലാഹുവിനു വേണ്ടി മൈത്രി വെച്ചുപുലർത്തി, അല്ലാഹുവിന് വേണ്ടി വിരോധം വെച്ചുപുലർത്തി. അപ്പോൾ അതിലൂടെയാണ്

അല്ലാഹുവിന്റെ വിലായത്ത് നേടിയെടുക്കപ്പെടുന്നത്. മുഴുജനങ്ങളുടേയും സഹോദരബന്ധം ഇന്ന് ദുൻയവിയായ കാര്യങ്ങൾക്കായിരിക്കുന്നു. അതാകട്ടെ അതിന്റെ വക്താക്കൾക്ക് യാതൊരു ഉപകാരവും ചെയ്യില്ല'' (ഇബ്നു ജരീർ)

അബൂഹുറയ്റ ﵁ വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു:

﴿إِنَّ اللهَ تَعَالى قَالَ : مَنْ عَادَى لِي وَلِيًّا فَقَدْ آذَنْتُهُ بِالحَرْبِ﴾

''നിശ്ചയം അല്ലാഹു ﷻ പറഞ്ഞു. എന്റെ ഒരു വലിയ്യിനോട് ആരെങ്കിലും ശത്രുത പുലർത്തിയാൽ ഞാൻ അവനോട് യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു'' (ബുഖാരി)

അല്ലാഹുവിന്റെ റസൂൽ ﷺ യുടെ സ്വഹാബികളോട് ശത്രുത വെച്ചുപുലർത്തുകയും, അവരെ ചീത്ത വിളിക്കുകയും, കുറ്റപ്പെടുത്തുകയും ചെയ്തവരാണ് അല്ലാഹു ﷻ വോട് യുദ്ധം പ്രഖ്യാപിച്ചവരിൽ ഏറ്റവും തീവ്രവാദികൾ.

അബ്ദുല്ലാഹ് ഇബ്നു മുഗഫൽ ﵁ വിൽനിന്ന് നിവേദനം: നബി ﷺ പറഞ്ഞു:

﴿الله الله في أَصْحَابي ، لاَ تَتَّخِذوهُمْ غَرَضاً ، فَمِنْ آذَاهُمْ فَقَدْ آذَانِي ، وَمَنْ آذَانِي فَقَدْ آذَى اللهَ ، وَمَنْ آذَى اللهَ يُوشِكُ أَنْ يَأْخُذَهُ﴾

“എന്റെ സ്വഹാബികളുടെ കാര്യത്തിൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. നിങ്ങളുടെ (കുറ്റാരോപണങ്ങളുടെ) ലക്ഷ്യമായി നിങ്ങളവരെ സ്വീകരിക്കരുത്. ആരെങ്കിലും അവരെ ഉപ ദ്രവിച്ചാൽ അവർ എന്നെ ഉപദ്രവിച്ചു. ആരെങ്കിലും എന്നെ ഉപദ്രവിച്ചാൽ അവർ അല്ലാഹുവെ ഉപദ്രവിച്ചു. ആരെങ്കിലും അല്ലാഹുവെ ഉപദ്രവിച്ചാൽ അല്ലാഹു അവന്റെ ശിക്ഷകൊണ്ട് അവനെ പിടികൂടും” (തിർമിദി, അഹ്മദ്)

ചില പിഴച്ച കക്ഷികൾക്ക് സ്വഹാബികളെ അധിക്ഷേപിക്കലും ചീത്ത വിളിക്കലും മതവും ദർശനവുമായി മാറിയിരിക്കുന്നു.

അല്ലാഹുവേ നിന്റെ കോപത്തിൽ നിന്നും വേദനയേറിയ ശിക്ഷയിൽ നിന്നും നിന്നോട് ഞങ്ങൾ രക്ഷതേടുന്നു. സുഖവും സൗഖ്യവും നിന്നോട് യാചിക്കുന്നു...

നബിﷺയിലും കുടുംബത്തിലും അനുചരരിലും സ്വലാത്തും സലാമും സദാവർഷിക്കുമാറാകട്ടെ...

**Web edition by**

**കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്**

**- റബ്‌വ – റിയാദ് - സൗദി അറേബ്യ**

**نســـخة الكترونيـــــــة**

المكتب التعاوني للدعوة وتوعية الجاليات بالربوة - الرياض

المملكة العربية السعودية

islamhouse.com

1430 - 2009